VOL NO: 07 | ISSUE 29
www.nerpatham.com
mail@nerpatham.com
2023 JULY 22 | ₹10

# നേർപഥം

വാരിക

# ജോസഫ് മാഷിന്റെ കൈയും മഅ്ദനിയുടെ കാലും: മതേതര പൊതുബോധത്തിന് ഒരു തിരുത്ത്



കേരളം കേൾക്കാൻ കൊതിച്ച വിധിയാണ് കൈവെട്ട് കേസിൽ പുറത്തുവന്നത്. പ്രായോഗിക രംഗത്ത് എത്രതന്നെ വിവേചനപരമാണെങ്കിലും, വ്യവസ്ഥാപിതമായ ഒരു നിയമസംവിധാനം നിലനിൽക്കെ വ്യക്തികൾ ശിക്ഷ വിധിക്കുന്ന രീതി അംഗീകരിക്കാൻ കഴിയുന്നതല്ല. അതേസമയം പ്രതിയോടുള്ള അവിവേകികളുടെ സമീപനത്തിന്റെ കാഠിന്യം, ചെയ്ത തെറ്റിനെ ന്യായീകരിക്കാനും അപരാധിയെ വിശുദ്ധവൽക്കരിക്കാനും സമാന വിഷയങ്ങളിൽ മതം ചികഞ്ഞ് വിമർശിക്കാനും ഇട വരുത്തുന്നുണ്ടെങ്കിൽ അത് പുതിയ ക്രിമിനലുകളെ സൃഷ്ടിക്കാനേ ഉപകരിക്കൂ.

## ഏക വ്യക്തിനിയമവും ബഹുസ്വര സമൂഹവും

|| അനാചാരങ്ങളിൽ അഭിരമിക്കുന്നവർ

|| നീതിനിഷേധം അരാജകത്വത്തിലേക്ക് നയിക്കും

|| ഏക സിവിൽ കോഡ്; ഇതാണ് നമ്മുടെ നിലപാട്




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm

0339
# നേർപഥം
വാരിക

2023 ജൂലൈ 22
1444 മുഹറം 04
പുസ്തകം 07 / ലക്കം 29




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
## ജോസഫ് മാഷിന്റെ കൈയും മഅ്ദനിയുടെ കാലും: മതേതര പൊതുബോധത്തിന് ഒരു തിരുത്ത്
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
05
നീതിനിഷേധം
അരാജകത്വത്തിലേക്ക് നയിക്കും

ലേഖനം
06
മൂന്നുപേരുടെ
മരണപ്രവചനങ്ങൾ
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ

ലേഖനം
24
ഏക വ്യക്തിനിയമവും
ബഹുസ്വര സമൂഹവും
സുഫ്‌യാൻ അബ്ദുസ്സലാം

നിയമപഥം
17
പ്രോസിക്യൂഷൻ
ഡയറക്ടർ ജനറൽ
അബൂആദം അയ്മൻ

ലേഖനം
26
ഏക സിവിൽ കോഡ്;
ഇതാണ് നമ്മുടെ നിലപാട്
ടി.കെ അശ്റഫ്

ലേഖനം
18
അനാചാരങ്ങളിൽ
അഭിരമിക്കുന്നവർ
മൂസ സ്വലാഹി കാര

ക്വുർആൻ ദർശനം
31
സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

ഗാനം
23
ഏക സിവിൽകോഡിലെ
ഒളിയമ്പുകൾ
ഉസ്മാൻ പാലക്കാഴി

കവിത
34
ഒറ്റമരം
അൻവർ സാദത്ത് കാപ്പ്

# ക്ഷേമ പദ്ധതികൾ ഫലപ്രദമാകുന്നുണ്ടോ എന്നത് വിലയിരുത്തപ്പെടണം: വിസ്ഡം സെമിനാർ

കോഴിക്കോട്: സമൂഹത്തിന്റെ ക്ഷേമവും വികസനവും ലക്ഷ്യമാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഫലപ്രദമാകുന്നുണ്ടോ എന്നത് വിലയിരുത്തപ്പെടേണ്ടത് ഏറ്റവും അനിവാര്യമാണെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി 'സാമൂഹ്യ സുരക്ഷാ പദ്ധതികൾ' എന്ന വിഷയത്തിൽ കോഴിക്കോട്ട് സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു.

പദ്ധതികളെ സംബന്ധിച്ച് സമൂഹത്തിന് വേണ്ടത്ര അവബോധമില്ലാത്തത് പദ്ധതികളുടെ ലക്ഷ്യപൂർത്തീകരണത്തിന് വലിയ തടസ്സമായി നിൽക്കുന്നു എന്നത് നാം ഗൗരവമായി കാണണം. ശാക്തീകരണ പദ്ധതികൾ അർഹരായവയിലേക്ക് എത്തിക്കാനും അപ്രായോഗിക നിബന്ധനകൾ വെച്ച് അർഹമായവർക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യവും ഒഴിവാക്കാനും സർക്കാർ സംവിധാനങ്ങൾ ജാഗ്രത പാലിക്കണമെന്നും സെമിനാർ അഭിപ്രായപ്പെട്ടു

ബഹു.തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി തഹസിൽദാർ അബ്ദുറഹ്മാൻ പോത്തുകാടൻ, പി.എം.എ സെമീർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി. കെ അഷ്റഫ്, സംസ്ഥാന ട്രഷറർ കെ. സജ്ജാദ്, ടി.പി അബ്ദുൽ അസീസ്, അബ്ദുറഹ്മാൻ മാട്ടായി, ഇസ്മാഈൽ തോട്ടശ്ശേരിയറ, മുജീബ് മദനി ഒട്ടുമ്മൽ, സെയ്തുമുഹമ്മദ് കുണ്ടായിത്തോട് എന്നിവർ സംസാരിച്ചു.

# ഏക സിവിൽ കോഡ്: ക്രൈസ്തവ മതമേലധ്യക്ഷന്മാരുടെ നിലപാട് സ്വാഗതാർഹം: വിസ്ഡം യൂത്ത്

തിരൂർ: കെസിബിസി അടക്കമുള്ള വിവിധ സഭാമേലധ്യക്ഷന്മാരും സംഘടനകളും ഏക സിവിൽ കോഡിനെതിരെ രംഗത്തുവന്ന് നടത്തിയ പ്രസ്താവനകൾ സ്വാഗതാർഹമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന പ്രതിനിധി സമ്മേളനം അഭിപ്രായപ്പെട്ടു. മണിപ്പൂരിലെ അക്രമങ്ങളിൽ വേദനയനുഭവിക്കുന്ന ജനവിഭാഗത്തോട് സമ്മേളനം ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

രാജ്യത്തിന്റെ സൗന്ദര്യം വൈവിധ്യമായിരിക്കെ ഏകീകൃത വ്യക്തിനിയമം കൊണ്ടുവരാനുള്ള ശ്രമം പൈതൃകത്തെ നിരാകരിക്കലാണെന്നും അതിനെതിരെയുള്ള പ്രതിഷേധങ്ങളിൽ മതനിരപേക്ഷ ചേരിയിൽ ഭിന്നതയുണ്ടാകരുതെന്നും പ്രധിനിധി സമ്മേളനം ആവശ്യപ്പെട്ടു. ഏകസിവിൽ കോഡിനെതിരെ രംഗത്ത് വരുന്നവർ വിയോജിപ്പിൽ ആത്മാർഥത പുലർത്തണം. തെരഞ്ഞെടുപ്പിൽ ജയിച്ച് കയറാൻ വിവാദ വിഷയങ്ങൾ കൊണ്ട് ധ്രുവീകരണത്തിന് ശ്രമിക്കുന്ന രാഷ്ട്രീയം നീചമാണ്. ഉയർന്ന ചിന്താഗതിയിലൂടെയും വൈജ്ഞാനിക പ്രതിരോധത്തിലൂടെയും അക്രമരാഷ്ട്രീയത്തെ ചെറുക്കുന്നതിൽ യുവാക്കൾ ബദ്ധശ്രദ്ധരാകണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

മന്ത്രി വി.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ് മുഖ്യപ്രഭാഷണം നടത്തി. വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി, അബ്ദുറഷീദ് കുട്ടമ്പൂർ, വിസ്ഡം യൂത്ത് സംസ്ഥാന ട്രഷറർ അൻഫസ് മുക്രം, സംസ്ഥാന ഭാരവാഹികളായ ഡോ. പി. പി നസീഫ്, ജംഷീർ സ്വലാഹി, യു. മുഹമ്മദ് മദനി, മുഹമ്മദ് ശബീർ കെ. പി, ബഷീർ വി.പി, ഫിറോസ് ഖാൻ സ്വലാഹി, മുസ്തഫ മദനി, അബ്ദുല്ല അൻസാരി, സിനാജുദ്ദീൻ പി തുടങ്ങിയവർ സംസാരിച്ചു.

പ്രതിനിധി സമ്മേളനത്തിന്റെ ഭാഗമായി തിരൂർ ബ്ലഡ് ബാങ്കുമായി സഹകരിച്ച് ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചത് ശ്രദ്ധേയമായി. സമ്മേളന പ്രതിനിധികൾ ബ്ലഡ് ബാങ്കിലേക്ക് രക്തദാനം നടത്തി.

# നീതിനിഷേധം അരാജകത്വത്തിലേക്ക് നയിക്കും

ഇന്ത്യ ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജനാധിപത്യ രാജ്യമാണ്. ഒരു ജനാധിപത്യ രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ഭരണകൂടം ജനങ്ങളുടെതാണ്, ജനങ്ങളാൽ നടത്തപ്പെടുന്നതാണ്, ജനങ്ങൾക്കു വേണ്ടിയുള്ളതാണ് എന്നതാണ്. ഭരണകൂടത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്തം പ്രധാനമാണ്. ഒരു ജനാധിപത്യ ഭരണ വ്യവസ്ഥിതിയിൽ ജനങ്ങൾക്ക് നീതി നിഷേധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ല. അങ്ങനെ സംഭവിച്ചാൽ ജനങ്ങൾക്കു വേണ്ടിയുള്ളതാണ് എന്നത് കേവലം ആശയമായി അവശേഷിക്കും.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? എല്ലാവർക്കും നീതി, നിയമത്തിനു മുമ്പിൽ എല്ലാവരും തുല്യർ എന്നീ ആശയങ്ങൾക്ക് ഇന്ന് പ്രായോഗികതലത്തിൽ നിലനിൽപുണ്ടോ?


അയൽരാജ്യങ്ങളിൽനിന്ന് പതിറ്റാണ്ടുകൾക്കു മുമ്പ് ഇവിടെ അഭയാർഥികളായും കുടിയേറ്റക്കാരായും എത്തിച്ചേർന്നവരിൽ ഹിന്ദുക്കളും മുസ്‌ലികളും ക്രിസ്ത്യാനികളുമുണ്ട്. എന്നാൽ മുസ്‌ലിംകളല്ലാത്ത ആർക്കും പൗരത്വവും സമ്മതിദാനാവകാശവും നിഷേധിക്കപ്പെടുന്നില്ല. മുസ്‌ലിംകൾ മുഴുവൻ പാകിസ്ഥാനിലേക്ക് പോകേണ്ടതാണെന്ന് പ്രചരിപ്പിക്കുന്ന സംഘപരിവാർ മാത്രമല്ല ഭരണകൂടംതന്നെയാണ് പൗരത്വ നിയമ ഭേദഗതിയിലൂടെ മുസ്‌ലിംകൾ മാത്രം പൗരത്വം തെളിയിക്കാൻ ബാധ്യസ്ഥരാണെന്ന് പറയുന്നത്.

എന്തുകൊണ്ട് മുസ്‌ലിംകൾ മാത്രം പൗരത്വം തെളിയിക്കാൻ ബാധ്യസ്ഥരാകുന്നു? എന്തുകൊണ്ട് മറ്റാരുടെയും പൗരത്വം സംശയദൃഷ്ടിയോടെ വീക്ഷിക്കപ്പെടുന്നില്ല. അയൽരാജ്യങ്ങളിൽനിന്നും കടന്നുവന്ന മുസ്‌ലിംകളല്ലാത്ത എല്ലാ മതക്കാർക്കും പൗരത്വം നൽകുമെന്ന തീരുമാനം ഇരട്ട നീതിയല്ലേ? ജനാധിപത്യത്തിന്റെ കാവൽഭടന്മാരെന്ന് സ്വയം കരുതുന്നവർ പൗരത്വ കാര്യത്തിൽ എല്ലാവരെയും ഒരുപോലെയല്ലേ കാണേണ്ടത്?

നീതി നിർവഹണരംഗത്തെ അവസ്ഥയെന്താണ്? ഇന്ത്യയിൽ നടന്ന എല്ലാ വർഗീയ കലാപങ്ങളിലും ഏറ്റവും കൂടുതൽ കഷ്ടനഷ്ടങ്ങൾക്ക് ഇരയായ വിഭാഗം മുസ്‌ലിംകളാണെന്നത് ഒരു അനിഷേധ്യ യാഥാർഥ്യമാണ്. പക്ഷേ, ലഹളകളുടെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ബഹുഭൂരിഭാഗവും മുസ്‌ലിംകളാണ്. കൈയേറ്റങ്ങൾക്കും അതിക്രമങ്ങൾക്കും പുറമെ കള്ളക്കേസുകളും കൂടി മുസ്‌ലിംകളുടെ മേൽ അടിച്ചേൽപിക്കപ്പെട്ടു. ടാഡ, യുഎപിഎ പോലുള്ള ഭീകര വിരുദ്ധ നിയമങ്ങളുടെ ഭാരവും ഏറ്റവുമധികം താങ്ങേണ്ടിവന്നത് മുസ്‌ലിംകളായിരുന്നു.

ഇപ്പോളിതാ ഏകീകൃത സിവിൽകോഡുമായി വന്നിരിക്കുന്നു. അതിലും പ്രധാന ലക്ഷ്യം മുസ്‌ലിംകൾ തന്നെ. ഗോത്ര വിഭാഗങ്ങൾക്കും ക്രിസ്തുമത വിശ്വാസികൾക്കും അത് ബാധകമാകില്ലത്രെ!! ഏക സിവിൽ കോഡ് ഇന്ത്യയിൽ പ്രായോഗികമല്ലെന്ന് ദേശീയ നിയമ കമ്മീഷൻ വർഷങ്ങൾക്കു മുമ്പ് റിപ്പോർട്ട് നൽകിയതാണ്. പിന്നെ ഇപ്പോൾ ഇതുമായി രംഗത്തു വന്നിരിക്കുന്നത് എന്തിനായിരിക്കും? 2016 ജൂൺ മാസത്തിലാണ് കേന്ദ്ര നിയമ മന്ത്രാലയം രാജ്യത്ത് ഏക സിവിൽ കോഡ് നടപ്പാക്കുന്നതിന്റെ സാധ്യതയെ കുറിച്ച് പഠനം നടത്താൻ ദേശീയ നിയമ കമ്മീഷനെ ചുമതലപ്പെടുത്തിയത്. 2016ലെ ഉത്തർപ്രദേശ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് വോട്ടു ധ്രുവീകരണത്തിന് വേണ്ടിയുള്ള തന്ത്രപരമായ നടപടിയായിരുന്നു അത്. 2024ൽ നടക്കാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞടുപ്പിലെ വിജയമാണ് ഇപ്പോഴത്തെ ലക്ഷ്യം.

ജനാധിപത്യവ്യവസ്ഥയും മതനിരപേക്ഷതയും രാജ്യത്ത് നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാ രാഷ്ട്രീയകക്ഷികളും മതവിഭാഗങ്ങളും നീതിനിഷേധ പ്രവണതകൾക്കും പക്ഷപാതപരമായ നിലപാടുകൾക്കുമെതിരെ ശക്തമായ നിലപാട് സ്വീകരിച്ചെങ്കിലേ അരാജകത്വത്തിലേക്കുള്ള മുതലക്കൂപ്പിൽനിന്ന് രാഷ്ട്രത്തെ രക്ഷിക്കാൻ കഴിയൂ. ■



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 25

# മൂന്നുപേരുടെ മരണപ്രവചനങ്ങൾ

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

മിർസാ ഗുലാം അഹ്മദ് ഖാദിയാനി തന്റെ പ്രവാചകത്വത്തിന്റെ തെളിവായി നിരവധി ആളുകളുടെ മരണം പ്രവചിച്ചിരുന്നു. അവരിൽ പ്രധാനപ്പെട്ട മൂന്നു വ്യക്തികൾ അദ്ദേഹത്തിന്റെ ശത്രുക്കളായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയും പണ്ഡിറ്റ് ലേഖ്റാം പെഷാവരിയും പാതിരി അബ്ദുല്ല ആഥമുമാണ്. യാദൃച്ഛികമാവാം, അവർ മുസ്‌ലിം, ഹിന്ദു, ക്രിസ്ത്യൻ മതപണ്ഡിതന്മാരും പുരോഹിതന്മാരും ആയിരുന്നു. ഈ പ്രവചനങ്ങളും അവയുടെ സാക്ഷാത്കാരവും സംക്ഷിപ്തമായി വിവരിക്കുകയാണ് ഇവിടെ.

**പാതിരി അബ്ദുല്ല ആഥം**

ഇസ്‌ലാം ഉപേക്ഷിച്ച്, ക്രിസ്ത്യാനിയായി പാതിരിപ്പട്ടം സ്വീകരിച്ച ആളായിരുന്നു അബ്ദുല്ല ആഥം. മിർസാ ഖാദിയാനി അദ്ദേഹവുമായി അമൃതസറിൽവച്ച് 15 ദിവസം നീണ്ടുനിന്ന സംവാദം നടത്തി. സംവാദത്തിനൊടുവിൽ ഖാദിയാനി പ്രവാചകൻ അബ്ദുല്ല ആഥമിന്റെ മരണത്തിന് തീയതി നിശ്ചയിച്ചുകൊണ്ട് ഒരു പ്രവചനം പ്രഖ്യാപിച്ചു.

തദ്കിറയിൽ നിന്ന്: "1893 ജൂൺ 5. ഈ വിനീതദാസന്മാർക്ക് നിന്റെതല്ലാതെ ഒരു തീരുമാനവുമില്ലെന്നും ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമുണ്ടാക്കണമെന്നും വളരെ മനംനൊന്ത് കരഞ്ഞു പ്രാർഥിച്ചതിന്റെ ഫലമായി ഇന്നുരാത്രി എനിക്ക് ഒരു അടയാളം വെളിപ്പെട്ടിരിക്കുന്നു. 'ഈ സംവാദത്തിലെ രണ്ട് കക്ഷികളിൽ ഏത് കക്ഷിയാണോ കരുതിക്കൂട്ടി കള്ളം സ്വീകരിക്കുകയും സത്യദൈവത്തെ ഉപേക്ഷിച്ചു ബലഹീനനായ മനുഷ്യനെ ദൈവമാക്കുകയും ചെയ്യുന്നത്, അവൻ സംവാദ ദിവസങ്ങളുടെ എണ്ണമനുസരിച്ച് ഒരു ദിവസത്തിന് ഒരുമാസമെന്ന കണക്കിൽ പതിനഞ്ച് മാസങ്ങൾക്കകം, സത്യത്തിലേക്ക് തിരിച്ചുവരാത്തപക്ഷം ഹാവിയയിൽ പതിക്കുന്നതും കഠിനമായ മാനഹാനി ഉണ്ടാകുന്നതുമാണ്. സത്യത്തിൽ നിലകൊള്ളുകയും സത്യദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന പക്ഷത്തിന്റെ അന്തസ്സ് വർധിക്കുന്നതുമാണ്.' ഈ പ്രവചനം പുലരുന്നതോടെ ചില കുരുടന്മാർ കാണുകയും മുടന്തന്മാർ നടക്കുകയും ചെകിടന്മാർ കേൾക്കുകയും ചെയ്യും" (പേജ് 192).

**വിശുദ്ധയുദ്ധം!**

ഈ സംഭവത്തിന്റെ വ്യക്തതക്കു വേണ്ടി തദ്കിറയിൽ ഇല്ലാത്ത ചില 'വഹ്‌യുകൾ' കൂടി പരാമർശിക്കേണ്ടതുണ്ട്. സംവാദം വിശദീകരിക്കുന്ന ജംഗേ മുഖദ്ദസിൽ നിന്ന്:

"ഈ പ്രവചനം ഫലിക്കാതെ വന്നാൽ, അതായത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ കള്ളമാർഗം സ്വീ

കരിച്ച കക്ഷി ഇന്നുതൊട്ട് പതിനഞ്ച് മാസങ്ങൾക്കകം മരണശിക്ഷ വാങ്ങി ഹാവിയയിൽ വീഴാത്ത പക്ഷം എല്ലാവിധ ശിക്ഷയും ഏറ്റു വാങ്ങാൻ ഞാൻ തയ്യാറാണെന്ന് ഇതാ വാഗ്ദത്തം ചെയ്യുന്നു. എന്റെ മുഖത്ത് കരിതേക്കുക. എന്റെ കഴുത്തിൽ കയറിട്ട് തൂക്കിക്കൊല്ലുക. എന്നെ നിന്ദിച്ചുകൊള്ളുക. ഞാനെന്തിനും തയ്യാർ. അല്ലാഹുവാണ് സത്യം, അവനിത് തീർച്ചയായും ചെയ്യും. ആകാശഭൂമികൾ ഇളകിയാലും അവന്റെ വാക്കുകൾക്ക് മാറ്റമുണ്ടാവില്ല.''

"ഞാൻ ഡെപ്യൂട്ടി സാഹിബിനോട് ചോദിക്കട്ടെ, ഈ അടയാളം പുലർന്നാൽ ഇത് അല്ലാഹുവിന്റെ പ്രവചനമായിരുന്നുവെന്ന് നിങ്ങൾ സമ്മതിക്കുമോ, ഇല്ലേ? നിങ്ങൾ 'അന്ദറുനയേ ബൈബിളി'ൽ ദജ്ജാലെന്ന് ആക്ഷേപിച്ച റസൂൽ(സ) സത്യപ്രവാചകനാണെന്നതിന് ഇതൊരു ഖണ്ഡിതമായ തെളിവാകുമോ, ഇല്ലേ? ഇതിലധികം എന്തെഴുതാനാണ്! അല്ലാഹുവിന്റെ തീരുമാനമാണിത്. വെറുതെ പരിഹസിക്കേണ്ട. ഞാൻ കള്ളവാദിയെങ്കിൽ എനിക്കായി തൂക്കുമരം തയ്യാറാക്കിവെക്കുക. ഏത് പിശാചിനെക്കാളും ദുഷിച്ചവനെക്കാളുമേറെ അഭിശപ്തനായി എന്നെ കരുതിക്കൊള്ളുക. ഞാൻ സത്യവാനാണെങ്കിൽ മനുഷ്യനെ താങ്കൾ ദൈവമാക്കല്ലേ" (പേജ് 210-211).

**പാമ്പുകളും മലക്കുകളും**

മാസങ്ങൾ കൊഴിഞ്ഞുവീണു. അനുയായികളും എതിരാളികളും ആഥമിന്റെ പര്യവസാനത്തിനായി സാകൂതം കാത്തിരുന്നു. ആഥമിനാകട്ടെ നിൽക്കപ്പൊറുതിയില്ലായിരുന്നു. ഖാദിയാനി പ്രവാചകന്റെ ദിവ്യപ്രവചനമനുസരിച്ച് താൻ മരിച്ചുപോകുമോ എന്നതായിരുന്നില്ല ആഥമിനെ അസ്വസ്ഥനാക്കിയത്; പ്രത്യുത മിർസയും അനുയായികളും തന്നെ വേട്ടയാടുകയാണെന്ന തിരിച്ചറിവ് അദ്ദേഹത്തെ ഭയപ്പെടുത്തി.

**മാസങ്ങൾ കൊഴിഞ്ഞുവീണു. അനുയായികളും എതിരാളികളും ആഥമിന്റെ പര്യവസാനത്തിനായി സാകൂതം കാത്തിരുന്നു. ആഥമിനാകട്ടെ നിൽക്കപ്പൊറുതിയില്ലായിരുന്നു. ഖാദിയാനി പ്രവാചകന്റെ ദിവ്യപ്രവചനമനുസരിച്ച് താൻ മരിച്ചുപോകുമോ എന്നതായിരുന്നില്ല ആഥമിനെ അസ്വസ്ഥനാക്കിയത്; പ്രത്യുത മിർസയും അനുയായികളും തന്നെ വേട്ടയാടുകയാണെന്ന തിരിച്ചറിവ് അദ്ദേഹത്തെ ഭയപ്പെടുത്തി. അമൃതസറിൽനിന്നും ലുധിയാനയിലെ തന്റെ മരുമകന്റെ വീട്ടിലേക്കും പിന്നീട് ഫിറോസ്പൂരിലെ മറ്റൊരു മരുമകന്റെ വീട്ടിലേക്കും പലായനം ചെയ്യാൻ ആഥം നിർബന്ധിതനായി. നൂറെ അഫ്ഷാൻ വാരികയിൽ അദ്ദേഹം അക്കാര്യം വിശദീകരിക്കുന്നുണ്ട്.**

അമൃതസറിൽനിന്നും ലുധിയാനയിലെ തന്റെ മരുമകന്റെ വീട്ടിലേക്കും പിന്നീട് ഫിറോസ്പൂരിലെ മറ്റൊരു മരുമകന്റെ വീട്ടിലേക്കും പലായനം ചെയ്യാൻ ആഥം നിർബന്ധിതനായി. നൂറെ അഫ്ഷാൻ വാരികയിൽ അദ്ദേഹം അക്കാര്യം വിശദീകരിക്കുന്നുണ്ട്.

അമൃതസറിലെ തന്റെ ഫ്ളാറ്റിലേക്ക് ഒരു വിഷപ്പാമ്പിനെ എടുത്തിട്ടുകൊണ്ട്, അനുയായികൾ ആചാര്യന്റെ പ്രവചനം പുലർത്താൻ ശ്രമിച്ചു. ആഥമിന്റെ ഈ പരാതി മിർസാ പുച്ഛിച്ചുതള്ളി.

"പഠിപ്പിച്ചുവിട്ട പാമ്പിനെപ്പറ്റി പിച്ചും പേയും പറയുന്നവനെ നീ കണ്ടില്ലേ? ആഥം പാമ്പിനെയല്ലേ കണ്ടുള്ളൂ. ഇരുട്ടുള്ള രാത്രികളിൽ ഭയാധിക്യത്താൽ ചിലർ ദുർഭൂതങ്ങളെയും പ്രേതങ്ങളെയും കാണാറുണ്ട്. പ്രത്യേകിച്ചും ശ്മശാനങ്ങളിൽ വെച്ച്, ആകാശംമുട്ടെ നീണ്ടതും ഭീതിദമായ ചുവന്ന തുറിച്ച കണ്ണുകളും തെറിച്ചുനിൽക്കുന്ന ദംഷ്ട്രങ്ങളും തീ പറക്കുന്ന വായയുമുള്ള ചില കറുത്ത സത്വങ്ങളെ കണ്ടെന്നും തന്നെ ഓടിച്ചെന്നും വിശദീകരിക്കുന്നത് നാം കേൾക്കാറുണ്ട്. ആഥം വെറുമൊരു പാമ്പിനെ കണ്ടതിൽ പറയാനെന്തിരിക്കുന്നു? പക്ഷേ, അത് ആരോ പഠിപ്പിച്ചുവിട്ട പാമ്പാണെന്നത് ഒരു വിശേഷം തന്നെയാണ്'' (സിയാഉൽ ഹഖ്, പേജ് 16).

ലുധിയാനയിലേക്ക് ഒളിച്ചോടിയ ആഥമിന് അവിടെയും രക്ഷയുണ്ടായില്ല. തന്നെ അക്രമിക്കാനായി ആയുധധാ


۱۶۱

قَوْلَ التَّکْفِیْرِ وَتَابَ۔ وَھٰذِہٖ رُؤْیَایَ وَاَرْجُوْاَنْ یَجْعَلَھَا رَبِّیْ حَقًّا۔"
(حجۃ الاسلام صفحہ ۱۹۔ روحانی خزائن جلد ۶ صفحہ ۵۹)

۵ رجون ۱۸۹۳ء

"آج رات جو مجھ پر کھلا وہ یہ ہے کہ جبکہ مَیں نے بہت تضرّع اور ابتہال سے جنابِ الٰہی میں دعا کی کہ تُو اِس امر میں فیصلہ کر اور ہم عاجز بندے ہیں تیرے فیصلہ کے سوا کچھ نہیں کر سکتے تو اُس نے مجھے یہ نشان بشارت کے طور پر دیا ہے کہ اِس بحث میں دونوں فریقوں میں سے جو فریق عمداً جھوٹ کو اختیار کر رہا ہے اور سچے خدا کو چھوڑ رہا ہے اور عاجز انسان کو خدا بنا رہا ہے وہ انہیں دنوں مباحثہ کے لحاظ سے یعنی فی دن ایک مہینہ لے کر یعنی ۱۵ ماہ تک ہاویہ میں گرایا جاوے گا اور اُس کو سخت ذِلّت پہنچے گی بشرطیکہ حق کی طرف رجوع نہ کرے اور جو شخص سچ پر ہے اور سچے خدا کو مانتا ہے اُس کی اِس سے عزّت ظاہر ہوگی اور اس وقت جب پیشگوئی ظہور میں آوے گی بعض اندھے سوجاکھے کئے جائیں گے اور بعض لنگڑے چلنے لگیں گے اور بعض بہرے سُننے لگیں گے۔"

(جنگِ مقدّس صفحہ ۱۸۸، ۱۸۹ مضمون حضرت اقدس ۵ رجون ۱۸۹۳ء۔ روحانی خزائن جلد ۶ صفحہ ۲۹۱، ۲۹۲)

بقیہ حاشیہ:۔

مَیں نے دیکھا کہ گویا اُس نے مجھے کافر کہنا چھوڑ دیا ہے اور اِس خیال سے توبہ کر لی ہے اور یہ میری رؤیا ہے اور مَیں امید رکھتا ہوں کہ میرا خدا اسے پورا کر دے گا۔

خاکسار مرتّب عرض کرتا ہے کہ اس پیشگوئی کے بیس برس بعد ۱۹۱۴ء میں مولوی محمد حسین صاحب بٹالوی نے ایک مقدمہ کے دَوران میں منصف درجہ اوّل ضلع گوجرانوالہ کی عدالت میں بیان دیتے ہوئے اور اسلام کے مختلف فرقوں کا ذکر کرتے ہوئے لکھوایا کہ:۔

"یہ سب فرقے قرآن مجید کو خدا کا کلام مانتے ہیں اور یہ سب فرقے قرآن کی مانند حدیث کو بھی مانتے ہیں۔ ایک فرقہ احمدی بھی اب تھوڑے عرصہ سے پیدا ہوا ہے جب سے مرزا غلام احمد صاحب قادیانی نے دعوٰی مسیحیت اور مہدویت کا کیا ہے یہ فرقہ بھی قرآن کو اور حدیث کو یکساں مانتا ہے ..... کسی فرقہ کو جن کا ذکر اُوپر ہو چکا ہے ہمارا فرقہ مطلقاً کافر نہیں کہتا۔"

(مفصّل دیکھئے الفضل جلد ۱ نمبر ۳۵ مورخہ ۱۱ فروری ۱۹۱۴ء صفحہ ۳)

۱؎ یعنی مناظرہ مابین حضرت مسیح موعود علیہ السلام و ڈپٹی عبداللہ آتھم جو کتاب جنگِ مقدس میں درج ہے۔ (مرتّب)

۲؎ اِس پیشگوئی میں صاف طور پر ظاہر کیا گیا تھا کہ اگر آتھم حق کی طرف رجوع نہ کرے گا تو پندرہ ماہ تک ہاویہ میں گرایا جاوے گا۔ سو چونکہ آتھم نے میعاد مقررہ کے اندر اسلام اور بانیٔ اسلام علیہ الصلوٰۃ والسلام کے متعلق اپنی عادت کے خلاف بالکل خاموشی اختیار کر لی اور دیگر قرائن سے بھی ثابت کر دیا کہ وہ پیشگوئی کی عظمت سے ڈر گیا اور اسلام کی حقانیت سے مرعوب ہو گیا اِس لئے اللہ تعالیٰ نے اپنی صفت مَا کَانَ اللّٰہُ لِیُعَذِّبَھُمْ وَھُمْ یَسْتَغْفِرُوْنَ کے مطابق اس پر رحم کیا اور اُسے ہاویہ میں گرنے سے بچا لیا لیکن چونکہ بعد میں اُس نے حضرت اقدس کے بار بار متوجہ کرنے حتّٰی کہ چار ہزار روپیہ تک انعامی اشتہار شائع کرنے پر بھی اظہارِ حق سے انکار کیا۔ چنانچہ حضرت مسیح موعود علیہ السلام نے چار ہزار روپیہ کا انعامی اشتہار دیتے ہوئے تحریر فرمایا کہ:۔

*പാതിരി ആഥമിൻെറ അവധി നിശ്ചയിച്ച പ്രവചനം, തദ്കിറ: പേജ് 192.*

രികളായ ആളുകളെ അയച്ചെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം പൊലീസ് സംരക്ഷണം തേടി. മിർസായുടെ പ്രതികരണം ഇങ്ങനെ: 'പാതിരി കൂടുതൽ സുരക്ഷിതമായ ലുധിയാനയിലേക്ക് പോയെങ്കിലും രാവും പകലും കാവലിരുന്ന സായുധ പൊലീസിന്റെയും മരുമകന്റെയും കണ്ണു വെട്ടിച്ചുകൊണ്ട് ആയുധധാരികളായ ഒരു സംഘം ആളുകൾ അയാളെ കൊല്ലാൻ ചെന്നത്രെ! അങ്ങനെ സംഭവിച്ചെങ്കിൽ തീർച്ചയായും അവർ അല്ലാഹുവിന്റെ മലക്കുകളായിരിക്കും!" (അതേ പുസ്തകം. പേജ് 18-19).

**മാരണവും!**

ഖാദിയാനി പ്രവാചക പുത്രൻ ബഷീർ അഹ്മദ് 'സീറത്തുൽ മഹ്ദി'യിൽ വിവരിക്കുന്നു:

"മിയാൻ അബ്ദുല്ല സന്നൂരി പറയുന്നു: 'ആഥമിന്റെ അവധിയിൽ ഒരു ദിവസം മാത്രം ബാക്കിനിൽക്കെ, മസീഹ്(അ) എന്നെയും ഹാമിദലി സാഹിബിനെയും വിളിപ്പിച്ചു. കുറേ കടലമണികൾ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. (എണ്ണം ഓർമയില്ല) പിന്നീട് ഒരു സൂറത്തിലെ ഏതാനും ആയത്തുകൾ ഓതുവാനും ഓരോ കടലമണിവീതം മാറ്റിവെക്കാനും നിർദേശിച്ചു. സൂറത്ത് ഏതെന്ന് ഞാനോർക്കുന്നില്ല. 'അലം തറ കൈഫ'യാണെന്ന് തോന്നുന്നു. ഞങ്ങൾ രാത്രി വളരെ വൈകുന്നതുവരെ ഓതിക്കൊണ്ടിരുന്നു. തീർന്നപ്പോൾ ഹസ്രത്ത് സാഹിബിന് കൊണ്ടുപോയിക്കൊടുത്തു. അദ്ദേഹം ഞങ്ങളെയും കൂട്ടി ഖാദിയാന് വടക്കുഭാഗത്തുള്ള വിജനമായ പ്രദേശത്തേക്ക് നടന്നു. അവിടെയുള്ള 'ഒരു പൊട്ടക്കിണറ്റിലേക്ക് ആ കടലമണികൾ എറിഞ്ഞു കഴിയുമ്പോൾ തന്നെ തിരിഞ്ഞുനോക്കാതെ പെട്ടെന്ന് തിരിച്ചുപോരണം' എന്ന് പറഞ്ഞു. അവിടെയെത്തിയപ്പോൾ മസീഹ് അപ്രകാരം ചെയ്തു. ഞങ്ങൾ വേഗത്തിൽ തിരിച്ചു നടന്നു"(രിവായത് നമ്പർ 160).

'അല്ലാഹുവിന്റെ വഹ്‌യനുസരിച്ചുള്ള പ്രവചനങ്ങൾ സാക്ഷാൽക്കരിക്കാൻ അനുവദനീയവും കലാപരഹിതവുമായ ഏതു മാർഗവും സ്വീകരിക്കൽ നബിചര്യയാണെ'ന്ന് തട്ടിവിട്ടു കൊണ്ട് പ്രവചന പൂർത്തീകരണത്തിന് വേണ്ടി എല്ലാ അടവുകളും അദ്ദേഹം പ്രയോഗിച്ചു. ഭീഷണികളും പ്രാർഥനയും മാരണവും നടത്തി.

**തിരയടങ്ങാത്ത കടൽ**

കാൺകറ ഡിസ്ട്രിക്ട് കോർട്ട് ഇൻസ്പെക്ടർ ഓഫ് പോലീസിന്റെ വിശദീകരണം നോക്കുക: "ആഥമിന്റെ സംരക്ഷണച്ചുമതല എന്നെ ഏൽപിച്ചിരുന്നു. അവധിയിലെ അവസാനത്തെ ദിവസം, അകത്ത് പാതിരിമാരും സ്നേഹിതന്മാരും ഒത്തുകൂടിയിട്ടുണ്ട്. പുറത്ത് സായുധരായ പോലീസുകാർ ജാഗ്രത പാലിക്കുന്നു. എവിടെനിന്നോ ഒരു വെടിയൊച്ച കേൾക്കായി, ആഥം ഭയംകൊണ്ട് ഭ്രാന്തനായി. സ്നേഹിതന്മാർ അദ്ദേഹത്തെ മദ്യം കൊടുത്ത് മയക്കിക്കിടത്തുകയായിരുന്നു" (അതേ പുസ്തകം. പേജ് 184).

മറുവശത്ത്, ആഥമിനെക്കാൾ അസ്വസ്ഥരായിരുന്നു മിർസയും അനുയായികളും. 'സീറത്തെ മസീഹ് മഊദി'ൽ ശൈഖ് യാകൂബ് അലി ഖാദിയാനി എഴുതി: "ആഥമിനെ സംബന്ധിച്ച പ്രവചന കാലാവധിയുടെ അവസാന ദിവസമായിരുന്നു അന്ന്. ജമാഅത്തിലെ മുഴുവൻ ആളുകളും അസ്വസ്ഥചിത്തരായിരുന്നു. ചിലരുടെ മുഖം വാടിയിട്ടുണ്ട്. ഹൃദയമിടിപ്പ് വർധിച്ചിരുന്നു. ചില വിവരദോഷികളാവട്ടെ എതിരാളികളുമായി പന്തയം വെക്കുകപോലും ചെയ്തു. നിരാശയുടെയും ഉദാസീനതയുടെയും പര്യായമായിരുന്നു അഹ്മദികളന്ന്. നമസ്കാരത്തിൽ ഉറക്കെ കരഞ്ഞുകൊണ്ട് അവർ പ്രാർഥിച്ചുകൊണ്ടിരുന്നു: 'നാഥാ, ഞങ്ങളെ നിന്ദിക്കരുതേ!" (പേജ് 7).

തങ്ങൾ വിശ്വസിക്കുന്ന പ്രവാചകന്റെ പ്രവചനത്തിൽ വിശ്വാസ

ആഥമിനെക്കാൾ അസ്വസ്ഥരായിരുന്നു മിർസയും അനുയായികളും. 'സീറത്തെ മസീഹ് മഊദി'ൽ ശൈഖ് യാകൂബ് അലി ഖാദിയാനി എഴുതി: "ആഥമിനെ സംബന്ധിച്ച പ്രവചന കാലാവധിയുടെ അവസാന ദിവസമായിരുന്നു അന്ന്. ജമാഅത്തിലെ മുഴുവൻ ആളുകളും അസ്വസ്ഥചിത്തരായിരുന്നു. ചിലരുടെ മുഖം വാടിയിട്ടുണ്ട്. ഹൃദയമിടിപ്പ് വർധിച്ചിരുന്നു. ചില വിവരദോഷികളാവട്ടെ എതിരാളികളുമായി പന്തയം വെക്കുകപോലും ചെയ്തു. നിരാശയുടെയും ഉദാസീനതയുടെയും പര്യായമായിരുന്നു അഹ്മദികളന്ന്. നമസ്കാരത്തിൽ ഉറക്കെ കരഞ്ഞുകൊണ്ട് അവർ പ്രാർഥിച്ചുകൊണ്ടിരുന്നു: 'നാഥാ, ഞങ്ങളെ നിന്ദിക്കരുതേ!'' (പേജ്7).

**“ആഥം സത്യത്തിലേക്ക് തിരിച്ചുവന്നില്ലെങ്കിൽ 15 മാസത്തിനകം ഹാവിയയിൽ പതിക്കുമെന്ന് ഈ പ്രവചനത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഏന്നാൽ പതിവിന് വിരുദ്ധമായി, ഈ കാലയളവിനുള്ളിൽ ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ സ്ഥാപകനെയും കുറിച്ച് പൂർണമായും നിശ്ശബ്ദത പാലിച്ചു. (അഹ്മദിയ്യ മതസ്ഥാപകനാണ് താനെന്ന് അവകാശപ്പെടുന്ന മിർസാ ഗുലാം അഹ്മദ്, മുഹമ്മദ് നബി(സ്വ) ഇസ്‌ലാം മതസ്ഥാപകനാണെന്ന് പലയിടത്തും എഴുതിയിട്ടുണ്ട്-ലേഖകൻ). അദ്ദേഹം. മനസ്സാ ഇസ്‌ലാമിന്റെ സത്യത്തെ അംഗീകരിക്കുകയും പ്രവചനത്തിന്റെ മഹത്ത്വത്തെ ഭയപ്പെടുകയും ചെയ്തിരുന്നുവെന്ന് ഇത് തെളിയിക്കുന്നു. അതിനുശേഷം സർവശക്തനായ അല്ലാഹു അവനോട് കരുണ കാണിക്കുകയും ഹാവിയയിൽ വീഴാതെ അവനെ രക്ഷിക്കുകയും ചെയ്തു.**

മർപ്പിച്ച് അത് സംഭവിക്കുമെന്ന് പന്തയം വെച്ചവർ വിവരദോഷികളാണത്രെ! നബി(സ്വ) തിരുമേനിയുടെ പ്രവചനം പുലരുമെന്ന് സിദ്ദീഖ് (റ) പന്തയം വെച്ച ചരിത്രമാവാം ‘വിവരദോഷിക’ളെ അതിന് പ്രേരിപ്പിച്ചത്.

‘അൽഹകം’ വാരികയിലെ ശൈഖ് റഹീം ബക്ഷിന്റെ ലേഖനത്തിൽ അഹ്മദികളുടെ തീവ്ര ദുഃഖത്തിന്റെയും ദൈന്യതയുടെയും വ്യക്തമായ ചിത്രം കാണാം. “അന്ന് എന്റെ പിതാവ് മാസ്റ്റർ ഖാദിർ ബക്ഷ് ഖാദിയാനിലുണ്ടായിരുന്നു. അദ്ദേഹം ആ ദിവസത്തെ



അനുസ്മരിച്ചു: ‘സൂര്യാസ്തമയത്തിനു മുമ്പ് ആഥം മരണപ്പെടുമെന്ന് മസീഹ്(അ) ഉറപ്പിച്ചു പറഞ്ഞു. ആളുകൾ പ്രാർഥനയിൽ മുഴുകി കാത്തിരുന്നു. സൂര്യൻ അസ്തമിച്ചതോടെ ആളുകൾ കുശുകുശുക്കാൻ തുടങ്ങി. പരിഭ്രമം തോന്നിയില്ലെങ്കിലും ആകുലമായിരുന്നു എന്റെ മനസ്സ്. ഹസ്രത്ത് സാഹിബ് പ്രസംഗിക്കാനായി എഴുന്നേറ്റു. പ്രവചനത്തിന്റെ യാഥാർഥ്യത്തെപ്പറ്റി അദ്ദേഹം വിശദീകരിച്ചു. അതോടെ ഞങ്ങൾക്ക് സമാധാനവും സന്തോഷവും തിരിച്ചുകിട്ടി. പലരും വിശ്വാസം പുതുക്കി.

പിറ്റേന്ന് അമൃതസറിൽ ചെന്നപ്പോൾ എനിക്ക് ആഥമിനെ നേരിൽ കാണാൻ സാധിച്ചു. ക്രിസ്ത്യാനികൾ അദ്ദേഹത്തെ പൂമാല ചാർത്തി ഒരു വണ്ടിയിലിരുത്തി നഗരത്തിൽ പ്രകടനം നടത്തുന്നു. അവർ ആർമാദത്താടെ വിജയം ആഘോഷിക്കുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മുഖം കണ്ടപ്പോൾ എനിക്ക് തോന്നിയത് അവൻ മരിച്ചിരിക്കുന്നു എന്നാണ്; ഇതവന്റെ മൃതദേഹമാണ്. ഇന്നല്ലെങ്കിൽ നാളെ ഇവൻ മരിക്കുക തന്നെ ചെയ്യും.”

ഇത്തരം അനുയായികളാണ് ഖാദിയാനി പ്രവാചകന്റെ മുതൽക്കൂട്ട്. തദ്കിറയിലെ അടിക്കുറിപ്പിൽ കൊടുത്ത വിശദീകരണം കാണുക:

“ആഥം സത്യത്തിലേക്ക് തിരിച്ചുവന്നില്ലെങ്കിൽ 15 മാസത്തിനകം ഹാവിയയിൽ പതിക്കുമെന്ന് ഈ പ്രവചനത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഏന്നാൽ പതിവിന് വിരുദ്ധമായി, ഈ കാലയളവിനുള്ളിൽ ഇസ്‌ലാമിനെയും ഇസ്‌ലാമിന്റെ സ്ഥാപകനെയും കുറിച്ച് പൂർണമായും നിശ്ശബ്ദത പാലിച്ചു. (അഹ്മദിയ്യ മതസ്ഥാപകനാണ് താനെന്ന് അവകാശപ്പെടുന്ന മിർസാ ഗുലാം അഹ്മദ്, മുഹമ്മദ് നബി(സ്വ) ഇസ്‌ലാം മതസ്ഥാപകനാണെന്ന് പലയിടത്തും എഴുതിയിട്ടുണ്ട്-ലേഖകൻ). അദ്ദേഹം. മനസ്സാ ഇസ്‌ലാമിന്റെ സത്യത്തെ അംഗീകരിക്കുകയും പ്രവചനത്തിന്റെ മഹത്ത്വത്തെ ഭയപ്പെടുകയും ചെയ്തിരുന്നുവെന്ന് ഇത് തെളിയിക്കുന്നു. അതിനുശേഷം സർവശക്തനായ അല്ലാഹു അവനോട് കരുണ കാണിക്കുകയും ഹാവിയയിൽ വീഴാതെ അവനെ രക്ഷിക്കുകയും ചെയ്തു.

എന്നാൽ പിന്നീട് തുടർച്ചയായ അഭ്യർഥന നിരസിച്ചുകൊണ്ട് ആഥം സത്യം ചെയ്യാൻ വിസമ്മതിച്ചു. അപ്പോൾ നാലായിരം രൂപ സമ്മാനം നൽകാമെന്ന് പരസ്യം പ്രസിദ്ധീകരിച്ചു. മുസ്‌ലിംകൾക്ക് പന്നിമാംസം പോലെ ക്രിസ്ത്യാനികൾക്ക് സത്യം ചെയ്യുന്നത് നിഷിദ്ധമാണെന്നും 4000 അല്ല 40,000 തന്നാലും സത്യം ചെയ്യില്ലെന്നും പറഞ്ഞു. ക്രിസ്ത്യൻ സമൂഹം കഴുത്തറുത്ത് കൊന്നാലും കഷ്ണം കഷ്ണമാക്കിയാലും അദ്ദേഹം സത്യം ചെയ്യുകയില്ലത്രെ!” (പേജ് 192-193).

(തുടരും)

# ജോസഫ് മാഷിന്റെ കൈയും മഅ്ദനിയുടെ കാലും:
## മതേതര പൊതുബോധത്തിന് ഒരു തിരുത്ത്

**മുജീബ് ഒട്ടുമ്മൽ**
:97444 31890

**കേരളം കേൾക്കാൻ കൊതിച്ച വിധിയാണ് കൈവെട്ട് കേസിൽ പുറത്തുവന്നത്. പ്രായോഗിക രംഗത്ത് എത്ര തന്നെ വിവേചനപരമാണെങ്കിലും, വ്യവസ്ഥാപിതമായ ഒരു നിയമസംവിധാനം നിലനിൽക്കെ വ്യക്തികൾ ശിക്ഷ വിധിക്കുന്ന രീതി അംഗീകരിക്കാൻ കഴിയുന്നതല്ല. അതേസമയം പ്രതിയോടുള്ള അവിവേകികളുടെ സമീപനത്തിന്റെ കാഠിന്യം, ചെയ്ത തെറ്റിനെ ന്യായീകരിക്കാനും അപരാധിയെ വിശുദ്ധവൽക്കരിക്കാനും സമാന വിഷയങ്ങളിൽ മതം ചികഞ്ഞ് വിമർശിക്കാനും ഇട വരുത്തുന്നുണ്ടെങ്കിൽ അത് പുതിയ ക്രിമിനലുകളെ സൃഷ്ടിക്കാനേ ഉപകരിക്കൂ.**

“ഇസ്‌ലാമിനോടുള്ള വെറുപ്പിന്റെ ഫലമായി മുസ്‌ലിംകളോടുള്ള ഭയവും അനിഷ്ടവുമാണ് ഇസ്‌ലാം ഭീതി. രാഷ്ട്രത്തിന്റ സാമ്പത്തിക, സാമൂഹിക, പൊതുജീവിതത്തിൽനിന്നും മുസ്‌ലിംകളെ അവഗണിച്ചു കൊണ്ട് അവരോട് പ്രകടിപ്പിക്കുന്ന വിവേചനം ഇതിന്റ ഒരു രീതിയാണ്. മറ്റു സംസ്കാരങ്ങളുമായി ഇസ്‌ലാമിന് ഒരു പൊതുമൂല്യവും ഇല്ല എന്നും പാശ്ചാത്യരുമായി താരതമ്യം ചെയ്യുമ്പോൾ അത് അധമമാണെന്നും അക്രമാത്മക രാഷ്ട്രീയ ആദർശമാണ് ഒരു മതമെന്നതിലുപരി ഇസ്‌ലാമെന്നുമാണ് ഇസ്‌ലാമോഫോബിയയുടെ മുൻവിധി.” 1997ൽ റണ്ണിമെഡ് ട്രസ്റ്റ് എന്ന ബ്രിട്ടീഷ് സംഘടനയുടെ ‘ഇസ്‌ലാമോഫോബിയ’ എന്ന പദത്തെ നിർവചിച്ചുകൊണ്ടുള്ള വിശദീകരണങ്ങളിലെ വസ്തുനിഷ്ഠമായ ചില വരികളാണിത്.

“മുസ്‌ലിംകളുടെ കാഴ്ചപ്പാടുകൾ വേണ്ടത്ര പ്രതിനിധീകരിക്കപ്പെടാതെ പോകുന്നു. മുസ്‌ലിംകൾ ഉൾപ്പെടുന്ന പ്രശ്നങ്ങളിൽ അവരെ നിഷേധാത്മകമായ രീതിയിൽ ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു. ഇസ്‌ലാമും മുസ്‌ലിംകളും പാശ്ചാത്യ സുരക്ഷിതത്വത്തിനും മൂല്യങ്ങൾക്കും ഭീഷണിയാണെന്നുള്ള പരികൽപനകളാണ് ഇവ ഉൾകൊള്ളുന്നത്.”

1994നും 2004നും ഇടയിൽ ബ്രിട്ടീഷ് മാധ്യമങ്ങളിൽ വന്ന ലേഖനങ്ങളെ ഉദ്ധരിച്ചുകൊണ്ട് എൻസൈക്ലോപീഡിയ ഓഫ് റൈസ് ആന്റ് എത്നിക് സ്റ്റഡീസ് എന്ന വസ്തുതാ പഠനത്തിൽ ഇസ്‌ലാമോഫിബിയ പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങൾക്കെതിരെയുള്ള വിമർശനം ഉപസംഹരിച്ചുകൊണ്ട്



**കേരളത്തിന്റെ സമകാലിക പ്രശ്നങ്ങളിൽ പാശ്ചാത്യരുടെ പോലും തിരിച്ചറിവിനെ അവഗണിച്ച് കാവിരാഷ്ട്രീയത്തിന്റ വെറുപ്പുൽപന്നങ്ങളിൽ മലയാളീപ്രബുദ്ധതയും ആകർഷിച്ച് തുടങ്ങിയെന്ന സംശയത്തെ ബലപ്പെടുത്തുന്നതായി ചില പ്രതികരണങ്ങളും സമീപനങ്ങളും സൂചിപ്പിക്കുന്നുണ്ട്. മതനിരപേക്ഷതയുടെ അമ്പാസിഡർമാരെന്ന് അവകാശപ്പെടുന്നവരുടെ വ്ളോഗുകളും സമൂഹ മാധ്യമങ്ങളിലെ പ്രതികരണങ്ങളും പത്രക്കോളങ്ങളും അതിന് ബലം നൽകുന്നുണ്ട്. എലിസബത്ത്പൂളിന്റ പഠനവും റണ്ണിമെഡ് ട്രസ്റ്റിന്റ കണ്ടെത്തലും മലയാളികൾക്കിടയിലും യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നതിന്റെ നേർചിത്രങ്ങളാണ് പൊതുബോധത്തിലെ പ്രതികരണങ്ങൾ ബോധ്യപ്പെടുത്തുന്നത്.**

എലിസബത്ത് പൂൾ എഴുതിയ വരികളാണിത്. കേരളത്തിന്റെ സമകാലിക പ്രശ്നങ്ങളിൽ പാശ്ചാത്യരുടെ പോലും തിരിച്ചറിവിനെ അവഗണിച്ച് കാവിരാഷ്ട്രീയത്തിന്റ വെറുപ്പുൽപന്നങ്ങളിൽ മലയാളീപ്രബുദ്ധതയും ആകർഷിച്ച് തുടങ്ങിയെന്ന സംശയത്തെ ബലപ്പെടുത്തുന്നതായി ചില പ്രതികരണങ്ങളും സമീപനങ്ങളും സൂചിപ്പിക്കുന്നുണ്ട്. മതനിരപേക്ഷതയുടെ അമ്പാസിഡർമാരെന്ന് അവകാശപ്പെടുന്നവരുടെ വ്ളോഗുകളും സമൂഹ മാധ്യമങ്ങളിലെ പ്രതികരണങ്ങളും പത്രക്കോളങ്ങളും അതിന് ബലം നൽകുന്നുണ്ട്. എലിസബത്ത്പൂളിന്റ പഠനവും റണ്ണിമെഡ് ട്രസ്റ്റിന്റ കണ്ടെത്തലും മലയാളികൾക്കിടയിലും യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നതിന്റെ നേർചിത്രങ്ങളാണ് പൊതുബോധത്തിലെ പ്രതികരണങ്ങൾ ബോധ്യപ്പെടുത്തുന്നത്.

തൊടുപുഴയിലെ ന്യൂമാൻ കോളേജിലെ അധ്യാപകന്റെ കൈവെട്ടിയ പ്രതികൾക്കെതിരെ കോടതി വിധി പ്രസ്താവിച്ച പശ്ചാത്തലത്തിലെ ചർച്ചകളിൽ ഇത് കൂടുതൽ പ്രതിഫലിക്കുന്നതായി കാണാം. മലയാളം വിഷയത്തിൽ തയ്യാറാക്കിയ ചോദ്യപേപ്പറിൽ സംസ്കാരത്തിന് യോജിക്കാത്ത പദപ്രയോഗങ്ങൾകൊണ്ട് മുഹമ്മദ് നബി(സ്വ)യെ തെറിയഭിഷേകം ചെയ്യുകയായിരുന്നു ഈ അധ്യാപകൻ. ലക്ഷക്കണക്കിന് മതവിശ്വാസികളുടെ മനസ്സിന് മുറിവേൽപിച്ച അയാളുടെ പരാമർശം സമൂഹത്തിൽ ഏറെ പ്രതിസന്ധികൾ തീർത്തു. മതവിദ്വേഷ പ്രചാരണത്തിന് അയാൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചുവെങ്കിലും

അവിവേകികളായ ചില വിവരശൂന്യരിൽനിന്ന് അയാൾ ആക്രമണത്തിന് വിധേയമാവുകയായിരുന്നു. അക്രമികൾ ശക്തമായ ശിക്ഷകൾക്ക് വിധേയരാകണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായാന്തരമുണ്ടാവൻ സാധ്യതയില്ല. അത്രയ്ക്ക് നെറികേടാണവർ കാണിച്ചത്. ഭരണവും നിയമ സംവിധാനവും ഉണ്ടായിരിക്കെ അവയെ മറികടന്ന് ആൾക്കൂട്ടങ്ങളായി ശിക്ഷ നടപ്പിലാക്കാനുള്ള അധികാരം ആർക്കുമില്ല. ഇസ്‌ലാമിക രാജ്യങ്ങളിലാണെങ്കിൽ പോലും ഇത്തരം ഇസ്‌ലാം വിരുദ്ധ പരാമർശങ്ങൾക്ക് എതിരെ നടപടിയെടുക്കാൻ ആരെയും അനുവദിക്കാറില്ല. അതിന് അവിടെ നിയമ സംവിധാനമുണ്ട്. അധികാരികളുണ്ട്.

പ്രതികളുടെ ശിക്ഷാവിധി അറിഞ്ഞയുടനെയുള്ള ടി.ജെ ജോസഫിന്റ പരാമർശവും പ്രതികരണവും അങ്ങേയറ്റം മതവിദ്വേഷം ജനിപ്പിക്കുന്നതായിരുന്നു. കൈവെട്ടിയവരെയല്ല 1400 വർഷങ്ങൾക്കുമുമ്പുള്ള അവരുടെ പ്രത്യയശാസ്ത്രത്തെയാണ് ഉൻമൂലനം ചെയ്യേണ്ടതെന്ന വിഷലിപ്തമായ പരാമർശത്തിനെതിരെ സാംസ്കാരിക കേരളത്തിന്റ സമീപനം അതിശയിപ്പിക്കുന്നതാണ്. മുഖ്യധാരാ മുസ്‌ലിം സംഘടനകളെല്ലാം കൈവെട്ടിനെതിരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയും അപലപിക്കുകയും ചെയ്തത് ഇസ്‌ലാമിന്റ സമാധാനസന്ദേശം അവർ ഉൾകൊള്ളുന്നത് കൊണ്ടായിരുന്നു. കേരളത്തിലെ ഏറ്റവും വലിയ ന്യൂനപക്ഷ വിഭാഗം ജീവിത ദർശനമായി സ്വീകരിച്ച ഇസ്‌ലാമിനെ ഉൻമൂലനം ചെയ്യണമെന്ന ഇയാളുടെ ഭാഷ്യം അവിവേകികളെ നിലനിർത്തി മുസ്‌ലിം സമുദായത്തെ തുടച്ച് നീക്കണമെന്ന മൗഢ്യമാണെന്നും അത്തരം മനോഭാവത്തോട് കേരള പ്രബുദ്ധതയുടെ നെറ്റി ചുളിഞ്ഞതായി എവിടെയും കാണാത്തതും ഇസ്‌ലാംവെറുപ്പിന്റ അനുരണനങ്ങൾ തന്നെയാണ്.

> **പ്രതികളുടെ ശിക്ഷാവിധി അറിഞ്ഞയുടയെുള്ള ടി.ജെ ജോസഫിന്റ പരാമർശവും പ്രതികരണവും അങ്ങേയറ്റം മതവിദ്വേഷം ജനിപ്പിക്കുന്നതായിരുന്നു. കൈവെട്ടിയവരെയല്ല 1400 വർഷങ്ങൾക്കുമുമ്പുള്ള അവരുടെ പ്രത്യയശാസ്ത്രത്തെയാണ് ഉൻമൂലനം ചെയ്യേണ്ടതെന്ന വിഷലിപ്തമായ പരാമർശത്തിനെതിരെ സാംസ്കാരിക കേരളത്തിന്റ സമീപനം അതിശയിപ്പിക്കുന്നതാണ്. മുഖ്യധാരാ മുസ്‌ലിം സംഘടനകളെല്ലാം കൈവെട്ടിനെതിരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയും അപലപിക്കുകയും ചെയ്തത് ഇസ്‌ലാമിന്റ സമാധാനസന്ദേശം അവർ ഉൾകൊള്ളുന്നത് കൊണ്ടായിരുന്നു.**

**ജോസഫ് മാഷിന്റെ നബിനിന്ദ**

2010 മാർച്ച് 23ന് തൊടുപുഴ ന്യൂമാൻ കോളേജിൽ നടന്ന രണ്ടാം സെമസ്റ്റർ ബികോം മലയാളം ഇന്റേണൽ പരീക്ഷയുടെ ചോദ്യപേപ്പറിലെ പതിനൊന്നാം നമ്പർ ചോദ്യമാണ് വിവാദ വിഷയം.

ഒരു സംഭാഷണത്തിൽ ആവശ്യത്തിനുള്ള ചിഹനങ്ങൾ ചേർക്കുകയെന്നതാണ് ചോദ്യം. പി.ടി കുഞ്ഞിമുഹമ്മദിന്റ തിരക്കഥയിലെ രീതിശാസ്ത്രം എന്ന പുസ്തകത്തിൽനിന്ന് ഒരു ഭ്രാന്തനും ദൈവവും തമ്മിലുള്ള സംഭാഷണമാണ് അതിനുവേണ്ടി ചേർത്തത്. ഭ്രാന്തൻ എന്ന കഥാപാത്രത്തിന് പകരം മുഹമ്മദ് നബി(സ്വ) യുടെ പേര് മനഃപൂർവം ചേർത്തുവയ്ക്കുകയായിരുന്നു. തീരെ സഭ്യമല്ലാത്തതും സംസ്കാരം തൊട്ടുതീണ്ടിയിട്ടില്ലാത്തതുമായ തെറിയഭിഷേകത്തിന് വിധേയമാകുന്ന ഭ്രാന്തൻ എന്ന കഥാപാത്രത്തിന് പകരം പ്രവാചകന്റെ പേര് ചേർക്കുകയായിരുന്നു..

സമൂഹത്തിന്റ ശക്തമായ പ്രതിഷേധത്തിനൊടുവിൽ കോളേജ് അധികാരികൾ ജോസഫിനെ തള്ളിപ്പറയുകയും സസ്പന്റ് ചെയ്യുകയും ചെയ്തു. തുടർന്ന് ഒളിവിലായ അയാളെ മതനിന്ദാ കുറ്റം ചുമത്തി പോലീസ് സ്വമേധയാ കേസെടുത്തു. അഥവാ സാമൂഹിക വിഭജനവും വെറുപ്പും വിദ്വേഷവും പരമത നിന്ദയും ലക്ഷ്യമാക്കിയ അയാളുടെ ചെയ്തികളെ സമൂഹം ഒന്നടങ്കം തള്ളിപ്പറഞ്ഞു. ചോദ്യപേപ്പറിലെ പേര് പരാമർശിച്ചത് പ്രവാചകനെ ഉദ്ദേശിച്ചല്ലെന്ന് രക്ഷയ്ക്കായി അയാൾ വാദിക്കുന്നുണ്ടായിരുന്നു. പിന്നെ എന്തിന് പ്രവാചകന്റ പേരുതന്നെ തെരഞ്ഞെടുത്തു? സാങ്കൽപികമായ ധാരാളം



പേരുകൾ കണ്ടെത്താൻ സാധിക്കുമായിരിക്കെ ഈ പേരുതന്നെ വച്ചുകൊടുക്കാൻ അയാളെ പ്രേരിപ്പിച്ചത് ഇസ് ലാംവെറുപ്പല്ലാതെ മറ്റെന്താണ്.

എത്രതന്നെ ന്യായീകരിച്ചാലും കൈവെട്ട് പ്രതികളുടെ ശിക്ഷാവിധി കേട്ടതിന് ശേഷമുള്ള ടി.ജെ ജോസഫിന്റ പ്രതികരണത്തിലും പ്രവാചക വിദ്വേഷവും ഇസ്‌ലാം ഭീതിയും തെളിഞ്ഞുകാണാം. മദ്റസാ വിദ്യാഭ്യാസത്തെയും അയാൾ പ്രതിക്കൂട്ടിൽ നിറുത്തുന്നുണ്ട്. മദ്റസാധ്യാപകർക്ക് സംസ്ഥാന സർക്കാർ ആനുകൂല്യം നൽകുന്നുണ്ടെന്ന സംഘപരിവാര ആരോപണം ഏറ്റെടുത്ത് തന്റ കരം ഛേദിക്കാനാണ് അതുകൊണ്ട് ഉപകരിച്ചതെന്നും അയാൾ കറ്റപ്പെടുത്തുന്നുണ്ട്. എന്നാൽ കേരളത്തിലെ മുസ്‌ലിം ഭൂരിപക്ഷത്തിനു മേൽ ഒരു സങ്കോചവുമില്ലാതെ ഭീകരത ആരോപിക്കുന്ന ജോസഫിനെ തിരുത്താനും അയാളുടെ ജൽപനങ്ങൾക്ക് കൃത്യതയാർന്ന മറുപടി പറയാനും മലയാളി സാംസ്കാരിക രംഗം തയ്യാറാകാത്തത് അമ്പരപ്പിക്കുന്നതാണ്.

**പ്രവാചകനിന്ദയും വിശ്വാസികളും**

പ്രവാചകസ്നേഹം വിശ്വാസത്തിന്റ തേട്ടമാണ്. വിശ്വാസത്തിന്റ മാധുര്യം അനുഭവിക്കണമെങ്കിൽ അല്ലാഹുവും അവന്റ പ്രവാചകനും മറ്റെന്തിനെക്കാളും വിശ്വാസിക്ക് പ്രിയപ്പെട്ടതായിരിക്കണം. സ്വന്തം പിതാവിനെക്കാളും പുത്രനെക്കാളും മുഴുവൻ മനുഷ്യരെക്കാളും പ്രവാചകനെ സ്നേഹിക്കുവോളം ഒരാളും വിശ്വാസിയാവുകയില്ലെന്ന പ്രവാചകവചനം അതാണ് പഠിപ്പിക്കുന്നത്.

പ്രവാചകനെ വിശ്വാസത്തിന്റ ഭാഗമായി സ്നേഹിക്കുകയും പിന്തുടരുകയും ചെയ്യുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് നബി(സ്വ)യെ പ്രതിരോധിക്കുകയും സംരക്ഷിക്കുകയും ചെയ്യുക മതപരമായ ഉത്തരവാദിത്തമാണ്. പ്രവാചകന്റ ജീവിതകാലത്ത് സ്വന്തം ജീവൻ പോലും പണയം വച്ച് യുദ്ധമുഖത്ത് പ്രവാചകന് സംരക്ഷണകവചമൊരുക്കിയവരുണ്ട്. ഉഹ്ദ് യുദ്ധത്തിന്റ വേളയിൽ പ്രവാചകനെ വധിക്കാൻ വേണ്ടി നാലുഭാഗത്ത് നിന്നും ശത്രുക്കൾ അമ്പെയ്തപ്പോൾ സ്ഥൈര്യത്തോടു കൂടി മനുഷ്യമതിലായി ഒറ്റക്ക് നിലയുറപ്പിച്ച് സ്വശരീരം കൊണ്ട് പ്രതിരോധിച്ച സ്വഹാബി ത്വൽഹ(റ) യുടെ ചരിത്രം നബിസ്നേഹത്തിന്റ ആവേശഭരിതമായ അധ്യായമാണ്.

എത്രതന്നെ ന്യായീകരിച്ചാലും കൈവെട്ട് പ്രതികളുടെ ശിക്ഷാവിധി കേട്ടതിന് ശേഷമുള്ള ടി.ജെ ജോസഫിന്റ പ്രതികരണത്തിലും പ്രവാചക വിദ്വേഷവും ഇസ്‌ലാം ഭീതിയും തെളിഞ്ഞുകാണാം. മദ്റസാ വിദ്യാഭ്യാസത്തെയും അയാൾ പ്രതിക്കൂട്ടിൽ നിറുത്തുന്നുണ്ട്. മദ്റസാധ്യാപകർക്ക് സംസ്ഥാന സർക്കാർ ആനുകൂല്യം നൽകുന്നുണ്ടെന്ന സംഘപരിവാര ആരോപണം ഏറ്റെടുത്ത് തന്റ കരം ഛേദിക്കാനാണ് അതുകൊണ്ട് ഉപകരിച്ചതെന്നും അയാൾ കറ്റപ്പെടുത്തുന്നുണ്ട്. എന്നാൽ കേരളത്തിലെ മുസ്‌ലിം ഭൂരിപക്ഷത്തിനു മേൽ ഒരു സങ്കോചവുമില്ലാതെ ഭീകരത ആരോപിക്കുന്ന ജോസഫിനെ തിരുത്താനും അയാളുടെ ജൽപനങ്ങൾക്ക് കൃത്യതയാർന്ന മറുപടി പറയാനും മലയാളി സാംസ്കാരിക രംഗം തയ്യാറാകാത്തത് അമ്പരപ്പിക്കുന്നതാണ്.

പ്രവാചകനിന്ദയും അദ്ദേഹത്തോടുള്ള ശത്രുതയും വിശ്വാസികളുടെ മനസ്സുകളിൽ എത്രമാത്രം മുറിവേൽപിക്കുമെന്നത് പറഞ്ഞറിയിക്കാനാവില്ല. അത്തരം വികാരങ്ങളെ വ്രണപ്പെടുത്തുന്നത് സാമൂഹ്യദ്രോഹവും അക്രമവുമാകുന്നു. പ്രവാചകൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ യുദ്ധമുഖത്ത് പ്രവാചകനെ സംരക്ഷിക്കാൻ വേണ്ടി ആത്മാർപ്പണം ചെയ്ത പ്രവാചകാനുയായികൾ പക്ഷേ, ഭരണാധികാരിക്ക് കീഴിലെ പട്ടാള സംവിധാനങ്ങൾക്കപ്പുറം അനുവാദമില്ലാതെ ഒരാളെയും അക്രമിച്ചതായി ചരിത്രത്തിൽ കാണാനാവില്ല. പ്രവാചക ശത്രുക്കൾ ഒറ്റതിരിഞ്ഞ് വിശ്വാസികളുടെ മുന്നിലെത്തുമ്പോഴെല്ലാം വിട്ടുവീഴ്ചയുടെയും ക്ഷമയുടെയും ഉദാത്തമായ മാതൃകയാണ് മാനവരാശിക്ക് അവർ പകർന്നുനൽകിയത്. തുല്യതയില്ലാത്ത വിട്ടുവീഴ്ചയുടെ പ്രവാചക പാഠങ്ങൾ ചരിത്രത്തിൽ ധാരാളം കാണാനാകും.

മാരകമായ വിഷം പുരട്ടിയ വാള് ഉറയിലിട്ട് ഒട്ടകപ്പുറത്ത് കയറി ഉമൈർ മദീനയിലേക്ക് പുറപ്പെട്ടു. കഅ്ബയുടെ സമീപത്തിരുന്ന് സുഹൃത്ത് സ്വഫ്വാനുമായി പ്രവാചകനെ കൊല്ലാനുള്ള ഗൂഢാലോചനക്ക് ശേഷം പുറപ്പെട്ടതായിരുന്നു ഉമൈർ. മദീനയിലുണ്ടായിരുന്ന ഉമർ(റ) ഉമൈറിനെ കണ്ടപ്പോൾ അക്കാര്യം പ്രവാചകനെ ധരിപ്പിച്ചു. അദ്ദേഹത്തെ പ്രവാചക സന്നിധിയിലേക്ക് കൊണ്ടുവരാൻ ആവശ്യപ്പെട്ടു. പ്രവാചകൻ(സ്വ) ഉമൈറിനോട് ആഗമനോദ്ദേശ്യം ചോദിച്ചു. മകനെ സന്ദർശിക്കാനെന്ന് കളവ്

പറഞ്ഞു. കഅ്ബക്ക് സമീപമിരുന്ന് സുഹൃത്ത് സ്വഫ്‌വാനുമായി പ്രവാചകനെ വധിക്കാൻ ഗൂഢാലോചന നടത്തിയത് പ്രവാചകൻ ഉമൈറിന് പറഞ്ഞുകൊടുത്തു. ദിവ്യബോധിത്തിന്റെ അടിസ്ഥാനത്തിലറിഞ്ഞ ഗൂഢാലോചനയിലെ ഓരോന്നും ഉമൈറിന് പ്രവാചകൻ പറഞ്ഞ് കൊടുത്തപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടു. പിന്നെ അമാന്തിച്ചില്ല, ഇസ്‌ലാം സ്വീകരിച്ചു.

ഇസ്‌ലാമിന്റ കടുത്ത ശത്രുവും മുസ്‌ലിംകൾക്ക് ധാരാളം പ്രയാസങ്ങൾ ഉണ്ടാക്കിയവനുമാണ് ഉമൈർ എന്ന് സ്വഹാബികൾ അറിഞ്ഞിട്ടും ഒരു പോറലുമേൽപിക്കാൻ അവർ തയ്യാറായില്ല എന്നത് ഇത്തരം സന്ദർഭങ്ങളിൽ വിശ്വാസികൾ എങ്ങനെയായിരിക്കണമെന്ന പാഠം പകർന്ന് നൽകുന്നുണ്ട്. ജോസഫ് മാഷിന്റ നബിനിന്ദ വിശ്വാസികൾക്ക് വേദനയേറിയ മാരക മുറിവാണ് എന്ന പോലെ തന്നെ അയാളുടെ കൈപ്പത്തി വെട്ടിമാറ്റിയത് വലിയ പാതകവുമാണ് എന്നതാണ് വിശ്വാസികളുടെ സമീപനം.

പ്രവാചക കാലത്തിനുശേഷവും അദ്ദേഹത്തിനെതിരിലുള്ള അധിക്ഷേപങ്ങളെ നേരിടേണ്ടത് അക്രമമാർഗത്തിലൂടെയല്ല, മറിച്ച് ആശയപരവും ദാർശനികമായുമാണ്. അതാണ് ഈ കാലഘട്ടം തേടുന്ന പ്രതിരോധവും വിമർശകർക്കുള്ള മറുപടിയും.

**അറ്റുപോയ കാലും കൈപത്തിയും**

ഇസ്‌ലാംവിരുദ്ധത തലയിൽ കേറിയവരാണ് നിരീക്ഷക പട്ടം കെട്ടി മീഡിയകളിൽ വന്ന് നിഷ്പക്ഷതയുടെ മുഖംമൂടിയണിഞ്ഞ് വാദങ്ങൾ ഉരുവിടുന്നത്. മുസ്‌ലിം നാമമോ അടയാളങ്ങളോ എന്നും ഇവരുടെ ശത്രുപക്ഷത്തായിരിക്കും. പൊതുമനസ്സുകളെ വിഡ്ഢികളാക്കാൻ പറ്റാത്തവിധം നൻമയുടെ വിഷയങ്ങളാണ് ഇസ്‌ലാമിന്റ പക്ഷത്ത് നിൽക്കുന്നതെങ്കിൽ ഇവർ ഗംഭീര മൗനികളായിരിക്കും. അക്രമികളാൽ അറ്റുപോയ ജോസഫ് മാഷിന്റ കൈപ്പത്തിയുടെ കാര്യത്തിൽ നിഷ്പക്ഷതയുടെയും മതേതരത്വത്തിന്റെയും സന്ദേശവാഹകരായി പ്രതിധ്വനിച്ചിരുന്ന എത്രയെത്ര ശബ്ദങ്ങളാണ് ഇടറിയത്! അതിഭീകരതയുടെ ഇരയായി കൈപ്പത്തി നഷ്ടപ്പെട്ടുപോയ ജോസഫ് മാഷിന് നിരുപാധിക പിന്തുണ പ്രഖ്യാപിച്ച ഒരു വ്‌ളോഗറുടെ കുറിപ്പ് ഏറെ ആശ്ചര്യപ്പെടുത്തി.

> **ജോസഫിന്റ കൈപ്പത്തിയോടുള്ള സഹതാപവും ദുഃഖവും മഅ്ദനിയുടെ അറ്റുപോയ കാലിനോട് ഇല്ലാതെപോകുന്നതിലെ രാഷ്ട്രീയം എന്താണ്? ജോസഫ് മാഷ്, കൈവെട്ടിയവരല്ല അവരുടെ പ്രത്യയശാസ്ത്രമാണ് കുറ്റവാളിയെന്ന് പറഞ്ഞ് സമുദായത്തെ വേദനിപ്പിച്ചെങ്കിൽ ബോംബെറിഞ്ഞവരോടുള്ള മഅ്ദനിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. 'നിങ്ങൾക്കു മൂന്ന് ബോംബുകളും എനിക്കൊരു കാലും നഷ്ടപ്പെട്ടുവെന്നല്ലാതെ ഒന്നുമില്ല' എന്നാണ് അന്ന് മഅ്ദനി പറഞ്ഞത്.**

മുഖംമൂടിക്ക് പിന്നിൽ അടക്കിപ്പിടിച്ച വികൃതമുഖം ഒരുനാൾ പ്രത്യക്ഷപ്പെടും. ജോസഫിന്റ കൈപ്പത്തിയെ ഓർത്ത് കണ്ണീർ വാർത്തവർ എത്രയോ ഉണ്ട്. എന്നാർ ആർഎസ്എസുകാർ ബോംബെറിഞ്ഞതിനാൽ പൂർണമായും അറ്റുപോയ അബ്ദുന്നാസിർ മഅ്ദനിയുടെ കാലിനെ കുറിച്ച് കേരളത്തിലെ മാധ്യമങ്ങളിലെ ചർച്ച എങ്ങനെയായിരുന്നുവെന്നത് താരതമ്യ പഠനത്തിലൂടെ ബോധ്യമാകും.1992 ആഗസ്റ്റ് ആറിന് രാത്രി അൻവാർശേരിക്കടുത്ത് മറ്റു രണ്ട് പേർക്കുമൊപ്പം അവിടെ എത്തുന്നതിനിടെയായിരുന്നു മഅ്ദനിക്ക് നേരെ ബോംബാക്രമണം നടന്നത്. 64 സാക്ഷികളുള്ള കേസിൽ 37 പേരെയാണ് വിസ്തരിച്ചത്. പ്രതികൾക്കെതിരെ കുറ്റകരമായ തെളിവുകൾ ഹാജരാക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതിനാൽ ക്രിമിനൽ പ്രൊസീജ്യർ കോഡിന്റ (സിആർപിസി) സെക്ഷൻ 232 പ്രകാരം കോടതി പ്രതികളെ വെറുതെ വിട്ടു. വിസ്താരത്തിനിടെ പ്രോസിക്യൂഷൻ സാക്ഷികളിൽ ആറോളം



പേർ കൂറുമാറി. സാഹചര്യ തെളിവുകളെ മാത്രം ആശ്രയിക്കാൻ പ്രോസിക്യൂഷൻ നിർബന്ധിതമായതിനാൽ കേസ് തുടരുന്നതിൽ അർഥമില്ലെന്ന് കോടതി കണ്ടെത്തി. മഅ്ദനിയുടെ അറ്റുപോയ വലതുകാലിനെ കുറിച്ച് സാംസ്കാരികമേഖലയിലെ ചർച്ചയെന്തായിരുന്നുവെന്ന് വിലയിരുത്തിയാലാണ് മുസ്‌ലിം നാമത്തോട് പൊതുബോധം എങ്ങനെ വർത്തിക്കുന്നുവെന്ന് ബോധ്യപ്പെടുക.

1990ൽ ഐഎസ്എസ് രൂപീകരിച്ച് യുവതയെ ജാഗരം കൊള്ളിക്കുന്ന വാഗ്ധോരണിയിൽ അദ്ദേഹം മുന്നേറിയത് മറക്കാനാകില്ല. മുസ്‌ലിം സമുദായം സ്വയം പ്രതിരോധിക്കണമെന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ച് കൊണ്ടുള്ള അദ്ദേഹത്തിന്റ ചാട്ടുളിപോലുള്ള വാചകക്കസർത്തിൽ സ്വന്തം സമുദായത്തിലെ രാഷ്ട്രീയ, മത പാർട്ടികൾക്കും നേതാക്കൾക്കും പോലും മുറിവേറ്റിട്ടുണ്ടെന്നത് സത്യമാണ്. അദ്ദേഹത്തിന്റെ വൈകാരികമായ സമീപനത്തോട് സംസ്ഥാനത്തെ മഹാഭൂരിപക്ഷം മുസ്‌ലിംകളും യോജിച്ചിരുന്നില്ല. രാഷ്ട്രീയ പാർട്ടി രൂപീകരിച്ച് പാർലമെന്ററി മൽസരങ്ങളിലേക്ക് അദ്ദേഹം തിരിഞ്ഞപ്പോഴും മുസ്‌ലിം സമുദായം അദ്ദേഹത്തെ അവഗണിച്ചു. ആശയപരമായ പ്രതിരോധം തീർത്ത് സമുദായത്തെ പ്രബുദ്ധരാക്കുകയാണ് സമുദായ നേതൃത്വം ചെയ്തത്.

ജയിലിലടക്കപ്പെട്ടതിന് ശേഷം അർഹിച്ചതിലേറെ ശിക്ഷ ഇരട്ടിയായി അനുഭവിച്ച അദ്ദേഹത്തിന്റെ ദൈന്യത മലയാളി സാംസ്കാരികബോധം പ്രശ്നമാക്കുന്നില്ല. ജോസഫിന്റ കൈപ്പത്തിയോടുള്ള സഹതാപവും ദുഃഖവും മഅ്ദനിയുടെ അറ്റുപോയ കാലിനോട് ഇല്ലാതെപോകുന്നതിലെ രാഷ്ട്രീയം എന്താണ്? ജോസഫ് മാഷ്, കൈവെട്ടിയവരല്ല അവരുടെ പ്രത്യയശാസ്ത്രമാണ് കുറ്റവാളിയെന്ന് പറഞ്ഞ് സമുദായത്തെ വേദനിപ്പിച്ചെങ്കിൽ ബോംബെറിഞ്ഞവരോടുള്ള മഅ്ദനിയുടെ വാക്കുകൾ ശ്രദ്ധേയമാണ്.



‘നിങ്ങൾക്കു മൂന്ന് ബോംബുകളും എനിക്കൊരു കാലും നഷ്ടപ്പെട്ടുവെന്നല്ലാതെ ഒന്നുമില്ല’ എന്നാണ് അന്ന് മഅ്ദനി പറഞ്ഞത്.

പ്രത്യേക ജനവിഭാഗത്തെ മുറിവേൽപിക്കുന്ന വാക്കുകൾ തന്റെ കാൽ നഷ്ടപ്പെട്ടതിനു ശേഷം അദ്ദേഹത്തിൽനിന്ന് വന്നിട്ടില്ലെന്നിരിക്കെ ജോസഫിന്റ കൈപ്പത്തിയോടുള്ള സഹതാപവും അതേപ്പറ്റിയുള്ള ചർച്ചയും മഅ്ദനിയുടെ കാലിന്റെ കാര്യത്തിൽ ഇല്ലാതെ പോയതെന്തേ?

**സമുദായം അരികുവൽകരിക്കപ്പെടുന്നു?**

എഴുപതുകൾ മുതൽ ഇന്ത്യയിൽ ഹിന്ദുത്വശക്തികൾ അധികാരത്തിൽ വന്നാൽ നടപ്പാക്കുമെന്ന് പറഞ്ഞ ഹിന്ദുത്വ ദേശീയതയുടെ സാംസ്കാരിക യുക്തിയിൽ അധിഷ്ഠിതമായ, അടിസ്ഥാനപരമായി തന്നെ മുസ്‌ലിം വിരുദ്ധ നിലപാടാണ് വെറുപ്പിന്റ വിഭാഗീയ പ്രത്യയശാസ്ത്രം മുന്നോട്ട് വെക്കുന്നത്. സംശയത്തിന്റെയും വിശ്വാസരാഹിത്യത്തിന്റെയും പ്രക്ഷുബ്ധമായ അവസ്ഥയിൽ മുസ്‌ലിം സമൂഹത്തെ ഒന്നാകെ നിയമപരമായും പ്രായോഗികമായും അരക്ഷിതരാക്കുകയെന്നതാണ് അതിന്റ ലക്ഷ്യം. പൗരത്വ ഭേദഗതിയും ബാബരി മസ്ജിദ് ധ്വംസനവും ഇപ്പോൾ ചർച്ചയായ ഏക സിവിൽ കോഡുമെല്ലാം പ്രത്യക്ഷമായ ചില അടയാളങ്ങൾ മാത്രമാണ്. സംഘപരിവാരങ്ങൾ ദേശീയ രാഷ്ട്രീയത്തിൽ ഒന്നാകെ നടപ്പിലാക്കാൻ

**എവിടെയും മതപരമായ ഒരവകാശത്തെ കുറിച്ചും മിണ്ടരുതെന്ന അലിഖിത വിലക്ക് പൊതുബോധത്തിന് പകർന്നുനൽകുകയാണ്. കോർപറേറ്റുകൾക്ക് വിധേയരായ മാധ്യമങ്ങളുടെ അടിമവേല പോലെ ഭരണകൂടവും നിയമ സംവിധാനങ്ങളും അദൃശ്യമായ നിയന്ത്രണങ്ങളിലൂടെ അജണ്ട നടപ്പാക്കുകയാണ്. സംഘപരിവാര രാഷ്ട്രീയം ഹിന്ദുത്വ അജണ്ട നടപ്പിലാക്കുന്നതിന്റ ഭാഗമായി ഏക വ്യക്തിനിയമം കൊണ്ടുവരാനുള്ള ശ്രമവും നടത്തുന്നുണ്ട്. അതേപ്പറ്റിയുള്ള ചർച്ചകൾ പരതിയാൽ മുസ്‌ലിം സമുദായത്തെ അരക്ഷിതരാക്കുകയെന്നതാണ് അതിന്റെയും ലക്ഷ്യം എന്ന് മനസ്സിലാക്കാം.**

ശ്രമിക്കുമ്പോഴും മലയാളി പ്രബുദ്ധത അതിനെ പ്രതിരോധിക്കുമെന്നാണ് നാം കണക്ക് കൂട്ടിയത്. പക്ഷേ, മതപരമായ ഒരവകാശവും ചോദിക്കരുതെന്ന കണ്ണുരുട്ടലുകൾ മതനിരപേക്ഷ ശക്തികളിൽ നിന്നും ഉയർന്നുവരുന്നുവെന്ന പരാതികളുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് വിദ്യാർഥിനികളുടെ സ്വകാര്യമായ കത്ത് കേരളം ചർച്ച ചെയ്തത് ഈ ഒരു പരിപ്രേക്ഷ്യത്തിലാണ്. സമരങ്ങളോ ശബ്ദ കോലാഹലങ്ങളോ ഒന്നുമില്ലാതെ തികച്ചും ഒരധ്യാപകനെ രക്ഷിതാവിന്റ സ്ഥാനത്ത് കണ്ട കുട്ടികൾ എഴുത്തിലൂടെ സ്വകാര്യമായി ചോദിച്ച ഒരാവശ്യം, കേരളത്തിലെ മതനിരപേക്ഷ മനസ്സുകൾക്കിടയിലെ അർബുദമായ പ്രതീഷ് വിശ്വനാഥിന്റ കൈകളിലെത്തിയതിന് ഉത്തരവാദിയാരെന്ന വിഷയം എവിടെയും ചർച്ച ചെയ്യതായി കാണുന്നില്ല. പകരം വിദ്യാർഥിനികളുടെ വ്യക്തിപരമായ ആവശ്യത്തിന് അനാവശ്യ ചർച്ചകളിലൂടെ ഭീകരപരിവേഷം നൽകാനാണ് ശ്രമിച്ചത്.

എവിടെയും മതപരമായ ഒരവകാശത്തെ കുറിച്ചും മിണ്ടരുതെന്ന അലിഖിത വിലക്ക് പൊതുബോധത്തിന് പകർന്നുനൽകുകയാണ്. കോർപറേറ്റുകൾക്ക് വിധേയരായ മാധ്യമങ്ങളുടെ അടിമവേല പോലെ ഭരണകൂടവും നിയമ സംവിധാനങ്ങളും അദൃശ്യമായ നിയന്ത്രണങ്ങളിലൂടെ അജണ്ട നടപ്പാക്കുകയാന്ന്. സംഘപരിവാര രാഷ്ട്രീയം ഹിന്ദുത്വ അജണ്ട നടപ്പിലാക്കുന്നതിന്റ ഭാഗമായി ഏക വ്യക്തിനിയമം കൊണ്ടുവരാനുള്ള ശ്രമവും നടത്തുന്നുണ്ട്. അതേപ്പറ്റിയുള്ള ചർച്ചകൾ പരതിയാൽ മുസ്‌ലിം സമുദായത്തെ അരക്ഷിതരാക്കുകയെന്നതാണ് അതിന്റെയും ലക്ഷ്യം എന്ന് മനസ്സിലാക്കാം. ഏക സിവിൽ കോഡ് പുരോഗമനമാണെന്നാണ് കേരളത്തിലെ ഭരണകക്ഷിയുടെ അഭിപ്രായം. മുസ്‌ലിം സമുദായത്തെ നിരന്തരമായ ആക്രമണത്തിന് വിധേയമാക്കണമെന്നും അവരുടെ സ്ത്രീകളെ ബലാൽസംഗത്തിന് ഇരകളാക്കണമെന്നും തുറന്ന് പറയുന്ന, ഗുജറാത്ത് കലാപങ്ങളിൽ ആ ആശയം നടപ്പിലാക്കുകയും ചെയ്ത സംഘ പരിവാരങ്ങളും മുസ്‌ലിം സ്ത്രീകളുടെ രക്ഷയാണിതിലൂടെ ലക്ഷ്യമാക്കുന്നതെന്ന് ആണയിടുന്നുണ്ട്. ഇസ്‌ലാമിലെ വിവാഹവും വിവാഹമോചനവും അനന്തരസ്വത്ത് നിയമങ്ങളുമെല്ലാം സ്ത്രീപക്ഷമല്ലെന്നാണ് അവർ വാദിക്കുന്നത്. എന്നാൽ അതേ വാദംതന്നെയാണ് കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുമുള്ളത്. മതിയായ പഠനങ്ങളോ ഗവേഷണങ്ങളോ അന്വേഷണങ്ങളോ ഇല്ലാതെയാണിവരെല്ലാം മുസ്‌ലിം വ്യക്തിനിയമങ്ങൾക്കെതിരെ ശബ്ദിക്കുന്നത്. ഇസ്‌ലാമിക രാഷ്ട്രങ്ങളിലും സമൂഹങ്ങളിലും മുസ്‌ലിം വ്യക്തിനിയമം പാലിക്കുന്നതിലൂടെ മുസ്‌ലിം സ്ത്രീകൾ അനുഭവിക്കുന്ന സുരക്ഷിതത്വം ഏത് സമൂഹത്തിലും കാണാൻ സാധ്യമല്ല. അന്താരാഷ്ട്രതലങ്ങളിലെ പഠനങ്ങൾ നമ്മെ അത് ബോധ്യപ്പെടുത്തുന്നുണ്ട്.

ഓരോ സമുദായത്തിലെയും പ്രശ്നങ്ങൾ പഠിക്കാൻ വ്യത്യസ്ത കമ്മീഷനുകളെ ഭരണകൂടം നിയമിക്കുകയുണ്ടായിട്ടുണ്ട്. അവർ പ്രശ്നങ്ങളും പരിഹാരങ്ങളും കൃത്യമായി അധികാരികളുടെ മുന്നിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സജിന്ദർ സച്ചാർ കമ്മീഷൻ അതിലൊന്നാണ്. മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്ന കമ്മീഷൻ റിപ്പോർട്ട് അധികാരികൾക്ക് മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിഹരിക്കാനുള്ള പദ്ധതികളാണ് ഇരു സർക്കാറുകളും ആവിഷ്കരിക്കേണ്ടത്.

> **എല്ലാ മതവിഭാഗങ്ങളിലും ഭൗതികദർശനം സ്വീകരിച്ചവരിലുമുള്ള സ്ത്രീ-പുരുഷന്മാർ വിവാഹം, വിവാഹമോചനം അനന്തരസ്വത്ത് തുടങ്ങിയ രംഗങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങളെ സത്യസന്ധമായി മനസ്സിലാക്കാൻ സ്വതന്ത്ര ഏജൻസിയെ നിശ്ചയിക്കുക, അവർ റിപ്പോർട്ട് ജനങ്ങളുടെ മുന്നിൽ സമർപ്പിക്കട്ടെ. കേരളത്തിലെ നിലവിലെ വിവാഹമോചന കണക്കുകളും അനന്തരാവകാശം കാരണമായി സമ്പത്ത് അന്യാധീനപ്പെട്ടുപോയ സ്ത്രീകളുടെ കണക്കും സർക്കാർ പുറത്ത് വിടട്ടെ, അപ്പോഴറിയാം കാര്യങ്ങളുടെ നിജസ്ഥിതി. ഏതു വിഷയത്തിലും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രതിക്കൂട്ടിലാക്കാൻ ഇവർ ശ്രമിക്കുന്നതിന്റ ചേതോവികാരമെന്ത്? ഇസ്‌ലാമോഫിയ എന്നതാണതിന്റെ ഉത്തരം.**

എല്ലാ മതവിഭാഗങ്ങളിലും ഭൗതികദർശനം സ്വീകരിച്ചവരിലുമുള്ള സ്ത്രീ-പുരുഷന്മാർ വിവാഹം, വിവാഹമോചനം അനന്തരസ്വത്ത് തുടങ്ങിയ രംഗങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങളെ സത്യസന്ധമായി മനസ്സിലാക്കാൻ സ്വതന്ത്ര ഏജൻസിയെ നിശ്ചയിക്കുക, അവർ റിപ്പോർട്ട് ജനങ്ങളുടെ മുന്നിൽ സമർപ്പിക്കട്ടെ. കേരളത്തിലെ നിലവിലെ വിവാഹമോചന കണക്കുകളും അനന്തരാവകാശം കാരണമായി സമ്പത്ത് അന്യാധീനപ്പെട്ടുപോയ സ്ത്രീകളുടെ കണക്കും സർക്കാർ പുറത്ത് വിടട്ടെ, അപ്പോഴറിയാം കാര്യങ്ങളുടെ നിജസ്ഥിതി.

ഏതു വിഷയത്തിലും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രതിക്കൂട്ടിലാക്കാൻ ഇവർ ശ്രമിക്കുന്നതിന്റ ചേതോവികാരമെന്ത്? ഇസ്‌ലാമോഫിയ എന്നതാണതിന്റെ ഉത്തരം. മഅ്ദനിയുടെ കാലും ജോസഫ് മാഷിന്റ കൈപ്പത്തിയും വേറിട്ട് നിൽക്കുന്നതും ഈ ഒരു ധാരയിലാണെന്ന് നാം മനസ്സിലാക്കണം.





# പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ

**അബൂ ആദം അയ്മൻ**

ഹൈക്കോടതിയിൽ ക്രിമിനൽകേസുകളുടെ നടത്തിപ്പിന്റെ മുഖ്യചുമതല വഹിക്കുന്നതിനായി അതതു കാലത്തെ ഗവൺമെന്റുകൾ നിയമിക്കുന്ന പ്രഗത്ഭനായ ക്രിമിനൽ അഭിഭാഷകനാണ് പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ (Director General of Prosecution). സ്റ്റേറ്റ് പ്രോസിക്യൂട്ടർ എന്ന പദവിയുമുണ്ട്. എങ്കിൽതന്നെയും അഡ്വക്കേറ്റ് ജനറലിന് ആവശ്യമെന്നു തോന്നിയാൽ ഏതൊരു കേസിന്റെയും ചുമതല ഏറ്റെടുക്കാവുന്നതാണ്.

പ്രോസിക്യൂഷൻസ് അഡീഷണൽ ഡയറക്ടർ ജനറൽ (Additional Director General of Prosecution) ഹൈക്കോടതിയിൽ ക്രിമിനൽ കേസുകളുടെ നടത്തിപ്പിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ മുഖ്യസഹായിയായി, അതതു കാലത്തെ ഗവണ്മെന്റുകൾ നിയമിക്കുന്ന പ്രശസ്ത ക്രിമിനൽ അഭിഭാഷകനായിരിക്കും.

പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (Deputy Director General of Prosecution) ഹൈക്കോടതിയിൽ ക്രിമിനൽ കേസുകളുടെ നടത്തിപ്പിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ സഹായിയായി, അതതു കാലത്തെ ഗവണ്മെന്റുകൾ നിയമിക്കുന്ന പ്രമുഖ ക്രിമിനൽ അഭിഭാഷകനായിരിക്കും.

പബ്ലിക് പ്രോസിക്യൂട്ടർ (Public Prosecutor) ഹൈക്കോടതിയിൽ സംസ്ഥാന ഗവണ്മെന്റിനുവേണ്ടി ക്രിമിനൽ കേസുകൾ നടത്തുന്നതിനായി അതതുകാലത്തെ ഗവണ്മെന്റുകൾ ഹൈക്കോടതിയുമായി ആലോചിച്ച് നിയമിക്കുന്ന അഭിഭാഷകനായിരിക്കും. ഒന്നോ അതിലധികമോ അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും ഇപ്രകാരം നിയമിക്കാവുന്നതാണ്. ഒരു നിശ്ചിതകാലത്തേക്കായിരിക്കും നിയമനം. കേന്ദ്രഗവണ്മെന്റിനും ഇതേ ആവശ്യത്തിന് ഓരോ ഹൈക്കോടതിയിലേക്കും ഈവിധത്തിൽ ഓരോ പബ്ലിക്ക് പ്രോസിക്യൂട്ടറെയും ഒന്നോ അതിലധികമോ അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും നിയമിക്കാവുന്നതാണ്. ക്രിമിനൽ നടപടി നിയമം 24ാം വകുപ്പുപ്രകാരമാണ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ നടത്തുന്നത്. സെഷൻസ് കോടതികളിൽ ക്രിമിനൽ കേസുകൾ നടത്തുന്നതിന് ഓരോ ജില്ലയിലേക്കുമായി സംസ്ഥാന ഗവണ്മെന്റിന് ഓരോ പബ്ലിക്ക് പ്രോസിക്യൂട്ടറെയും ഒന്നോ അതിലധികമോ വീതം അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും നിയമിക്കാവുന്നതാണ്. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് സെഷൻസ് ജഡ്ജിയുമായി ആലോചിച്ച് തയ്യാറാക്കുന്ന അഭിഭാഷകരുടെ പാനലിൽനിന്നുമായിരിക്കും നിയമനം. ഇതും ഒരു നിശ്ചിതകാലത്തേക്കായിരിക്കും. കേന്ദ്രഗവണ്മെന്റിനും ആവശ്യമെന്നുവന്നാൽ സെഷൻസ് കോടതികളിൽ ക്രിമിനൽ കേസുകൾ നടത്തുന്നതിനായി ഓരോ ജില്ലയിലേക്കും ഓരോ പബ്ലിക്ക് പ്രോസിക്യൂട്ടറെയും ഒന്നോ അതിലധികമോ വീതം അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും ഇപ്രകാരം നിയമിക്കാവുന്നതാണ്. മേൽപറഞ്ഞ നിയമനങ്ങളെല്ലാം ഏഴു വർഷത്തിൽ കുറയാത്ത പ്രാക്ടീസ് ഉള്ള അഭിഭാഷകരിൽനിന്നുമായിരിക്കും.

സ്പെഷൽ പബ്ലിക്ക് പ്രോസിക്യൂട്ടർ (Special Public Prosecutor) ഒരു പ്രത്യേക ക്രിമിനൽ കേസ് നടത്തുന്നതിന് സംസ്ഥാന ഗവണ്മെന്റോ കേന്ദ്ര ഗവണ്മെന്റോ പ്രത്യേകമായി നിയമിക്കുന്ന അഭിഭാഷകനാണ്. കേസിന്റെ തീർച്ചയോടെ നിയമന കാലാവധി അവസാനിക്കും. കുറഞ്ഞത് പത്തു വർഷത്തെയെങ്കിലും പ്രാക്ടീസുള്ള അഭിഭാഷകരിൽനിന്നുമായിരിക്കും ഈ നിയമനം. മേൽപറഞ്ഞ നിയമനങ്ങളുടെയെല്ലാം കാര്യത്തിൽ അഭിഭാഷകന്റെ പ്രാക്ടീസ് കാലം കണക്കാക്കുമ്പോൾ ഏതെങ്കിലും വിഭാഗത്തിൽ പെടുന്ന പ്രോസിക്യൂട്ടറായി നേരത്തെ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സേവന കാലം കൂടി പ്രാക്ടീസ് കാലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

*(അവലംബം)*



# അനാചാരങ്ങളിൽ അഭിരമിക്കുന്നവർ

**മൂസ സ്വലാഹി കാര**

:97473 45768

സമൂഹത്തെ നന്മകളിലേക്ക് നയിക്കേണ്ടവർ കുറ്റകരമായ കാര്യങ്ങളിലേക്ക് അവരെ തെളിക്കുക എന്നത് കൊടും ക്രൂരതയും വ്യക്തമായ വഞ്ചനയുമാണ്. വിശ്വാസവും ജീവിതവിശുദ്ധിയും കാത്തുസൂക്ഷിക്കുന്ന പണ്ഡിത നേതൃത്വത്തിന് മാത്രമെ ആചാരങ്ങൾ അനുഷ്ഠിക്കാനും അനാചാരങ്ങളെ വെട്ടിമാറ്റാനും സാധിക്കുകയുള്ളൂ. വഴിയും വെളിച്ചവുമായി അനുയായികൾക്ക് മുമ്പേ നടക്കേണ്ടവർ അവരെ ഇരുട്ടിലിരുത്തുന്നു എന്നത് ഇന്നും നേർക്കാഴ്ചയാണ്.

ഫിർഔനിന്റെയും കൂട്ടാളികളുടെയും സ്വഭാവത്തിലേക്കാണ് അത്തരക്കാർ ഉയർന്നിട്ടുള്ളത്. അല്ലാഹു പറയുന്നു: “അവരെ നാം നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കൻമാരാക്കി. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കൊരു സഹായവും നൽകപ്പെടുന്നതല്ല. ഈ ഐഹിക ജീവിതത്തിൽ അവരുടെ പിന്നാലെ നാം ശാപം അയക്കുകയും ചെയ്തു. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർ വെറുക്കപ്പെട്ടവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും”(28:41,42)



**അഹ്‌ലുസ്സുന്ന വൽജമാഅയിൽനിന്നകന്ന് വെവ്വേറെ ത്വരീഖത്തുകളുണ്ടാക്കിയവർ എഴുതിക്കൂട്ടിയ കാര്യങ്ങളെയാണിവർ പതിവ് ചര്യയാക്കുന്നത്. ഇതെല്ലാം പിൻപറ്റപ്പെടുന്നതിന്റെ അടിസ്ഥാനമെന്താണ്? പ്രമാണങ്ങൾ ചില സന്ദർഭങ്ങളിൽ പ്രത്യേകമായി ഓതാൻ പറഞ്ഞ ആയത്തുകളെയും ചൊല്ലാൻ പഠിപ്പിച്ച ദിക്റുകളെയും അപ്രസക്തമാക്കിക്കൊണ്ടാണ് ഇവർ ഇതെല്ലാം പ്രചരിപ്പിക്കുന്നത്. ശിർക്ക് കലർന്ന ഹദ്ദാദ് പള്ളികളിലും വീടുകളിലും പുരോഹിതന്മാരുടെ കൽപനപ്രകാരം ചൊല്ലിവരുന്നു. നബി(സ്വ) അല്ലാഹുവിന്റെ നിർദേശമനുസരിച്ചല്ലാതെ ഒരു പ്രവൃത്തിക്കും പ്രത്യേകത നൽകിയിട്ടില്ല.**

ഥൗബാൻ(റ)വിൽനിന്ന്; നബി (സ്വ) പറഞ്ഞു: "നിശ്ചയം, പിഴപ്പിക്കുന്ന നേതാക്കളെ എന്റെ സമൂഹത്തിന്റെമേൽ ഞാൻ ഭയക്കുന്നു" (അബൂദാവൂദ്).

പല രാജ്യങ്ങളിലെയും അന്ധവിശ്വാസികളുടെ കൂട്ടാളിയാവുകയും കേരളത്തിൽ അതിന്റെ മൊത്ത 'ഡീലർഷിപ്പ്' ഏറ്റെടുക്കുകയും ചെയ്ത കാന്തപുരം മുസ്‌ലിയാരെ കുറിച്ച് 2023 ഏപ്രിൽ 29 ലക്കം രിസാല വാരികയിൽ വന്ന 'ഗുരുവിന്റെ കാൽപാടുകൾ, കാഴ്ചപ്പാടുകൾ' എന്ന പരിചയപ്പെടുത്തൽ നിരവധി അനാചാരങ്ങളെ വേരുറപ്പിക്കുന്നതാണ്.

ലേഖകൻ എഴുതുന്നു: "ഹിസ്ബുൽ ബഹ്റ്, ഹിസ്ബുന്നസ്റ് എന്നിവയൊക്കെ ഉസ്താദ് പതിവായി ചൊല്ലുന്നതുകേട്ടാണ് കൂടെയുള്ളവർക്ക് മനഃപാഠമായത്. എല്ലാ വെള്ളിയാഴ്ച രാവിലും രിഫാഈ ശൈഖിന്റെ പേരിൽ പ്രത്യേക യാസീൻ എവിടെയാണെങ്കിലും, മുടങ്ങാതെ ഹദ്ദാദ് എന്നിവയൊക്കെ ഉസ്താദ് കൃത്യമായി പാലിക്കുന്നവയാണ്'(പേജ് 92).

സൂറതുൽ ഫാതിഹയും യാസീനും മറ്റു ചില ആയത്തുകളും ചേർത്ത് ശിയാ-സൂഫി ധാരകളിൽ നിലയുറപ്പിച്ച ശാദുലി, ഹദ്ദാദ് എന്നിവർ എഴുതിയ ലഘുപുസ്തകങ്ങളാണ് മേൽ സൂചിപ്പിച്ചവ. അഹ്‌ലുസ്സുന്ന വൽജമാഅയിൽനിന്നകന്ന് വെവ്വേറെ ത്വരീഖത്തുകളുണ്ടാക്കിയവർ എഴുതിക്കൂട്ടിയ കാര്യങ്ങളെയാണിവർ പതിവ് ചര്യയാക്കുന്നത്. ഇതെല്ലാം പിൻപറ്റപ്പെടുന്നതിന്റെ അടിസ്ഥാനമെന്താണ്? പ്രമാണങ്ങൾ ചില സന്ദർഭങ്ങളിൽ പ്രത്യേകമായി ഓതാൻ പറഞ്ഞ ആയത്തുകളെയും ചൊല്ലാൻ പഠിപ്പിച്ച ദിക്റുകളെയും അപ്രസക്തമാക്കിക്കൊണ്ടാണ് ഇവർ ഇതെല്ലാം പ്രചരിപ്പിക്കുന്നത്. ശിർക്ക് കലർന്ന ഹദ്ദാദ് പള്ളികളിലും വീടുകളിലും പുരോഹിതന്മാരുടെ കൽപനപ്രകാരം ചൊല്ലിവരുന്നു. നബി(സ്വ) അല്ലാഹുവിന്റെ നിർദേശമനുസരിച്ചല്ലാതെ ഒരു പ്രവൃത്തിക്കും പ്രത്യേകത നൽകിയിട്ടില്ല. അദ്ദേഹത്തിന്റെയോ, സ്വഹാബികളുടെയോ പേരിൽ പോലും ഈ നിലയ്ക്ക് വിശിഷ്ടമാക്കപ്പെട്ടതായി ഇതുപോലൊന്നുമില്ല. സൂക്ഷ്മതയെ നഷ്ടപ്പെടുത്തുകയും കർമങ്ങൾ സ്വീകരിക്കപ്പെടാതാവുകയും സത്യത്തിൽനിന്ന് തടയപ്പെടുകയും ചെയ്യുന്ന ഇത്തരം ഏടുകളിലോ വരികളിലോ അല്ല വിശ്വാസിയുടെ ജീവിതം ബന്ധിക്കപ്പെടേണ്ടത്.

അല്ലാഹു പറയുന്നു: "അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും തങ്ങൾക്ക് സന്മാർഗം വ്യക്തമായി കഴിഞ്ഞതിനുശേഷം റസൂലുമായി മാത്സര്യത്തിൽ ഏർപെടുകയും ചെയ്തവരാരോ തീർച്ചയായും അവർ അല്ലാഹുവിന് യാതൊരു ഉപദ്രവവും വരുത്തുകയില്ല. വഴിയെ അവൻ അവരുടെ കർമങ്ങൾ നിഷ്ഫലമാക്കിക്കളയുകയും ചെയ്യും"(47:32).

സൂഫികൾക്കിടയിൽ അബുൽ ആലമീൻ, ശൈഖുൽ കബീർ, ഉസ്താദുൽ ജമാഅ എന്നീ സ്ഥാനപ്പേരുകളിൽ അറിയപ്പെടുന്ന അശ്ഹരി വക്താവാണ് മുസ്‌ലിയാക്കന്മാരുടെ രിഫാഈ ശൈഖ്. അല്ലാഹുവിന്റെ മാത്രമായിട്ടുള്ള അവകാശങ്ങളെയും കഴിവുകളെയും ഈ സൂഫീ ആചാര്യന് ഇവർ വകവെച്ച് കൊടുക്കുന്നത് കാണുക: "മുഖത്തു നോക്കി മനസ്സിൽ സൂക്ഷിച്ച കാര്യങ്ങൾ പറയുന്നതും വരാനിരിക്കുന്ന കാര്യങ്ങൾ മുമ്പേ പറയുന്നതും അവിടുത്തെ കറാമത്തുകളിൽ ചിലതാണ്"(ശൈഖ് രിഫാഈ പ്രപഞ്ച വിസ്മയം/പേജ് 33).

"സർവലോക സഹായിയായ, ലോകത്തിന്റെ ഖുതുബായ അഹ്മദുൽ കബീർ രിഫാഈ തങ്ങളേ,

എനിക്ക് നേർമാർഗം കാണിച്ചുതരൂ'' (പേജ് 56).

ഇസ്‌ലാം വലിയ പാപമായി പഠിപ്പിച്ച അല്ലാഹുവിൽ പങ്ക് ചേർക്കലിനെ എതിർക്കുന്നവരെ പുച്ഛിക്കുന്ന ഇക്കൂട്ടരുടെ ബോധം ഇനി എപ്പോഴാണ് തെളിയുക?

അല്ലാഹു പറയുന്നു: "യാതൊന്നും സൃഷ്ടിക്കാത്തവരെ അവർ (അല്ലാഹുവോട്) പങ്കുചേർക്കുകയാണോ? അവർ(ആ ആരാധ്യർ)തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളികൾക്ക്) സാധിക്കുകയില്ല. സ്വദേഹങ്ങൾക്കുതന്നെ അവർ സഹായം ചെയ്യുന്നതുമല്ല'' (7:191,192).

ശിർക്കിന്റെ ഗൗരവം വിളിച്ചോതുന്ന ഇത്തരം ആയത്തുകൾ എടുത്തുദ്ധരിക്കുമ്പോൾ അത് ബഹുദൈവ വിശ്വാസികളെക്കുറിച്ച് പറഞ്ഞതാണ് എന്ന് മുസ്‌ലിയാക്കന്മാർ വാദിക്കാറുണ്ട്. ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റഹ്) പറയുന്നത് കാണുക: "അല്ലാഹുവിനോടൊപ്പം വിഗ്രഹങ്ങളെയും ബിംബങ്ങളെയും സമന്മാരെയും ആരാധിച്ച് ശിർക്ക് ചെയ്യുന്നവരെ അല്ലാഹു എതിർക്കുകയാണിത്. അവ അല്ലാഹുവിന്റെ സൃഷ്ടികളാണ്. ഒരു കാര്യം ഉടമപ്പെടുത്തുകയോ ഉപകാരമോ ഉപദ്രവമോ അവ ചെയ്യുകയില്ല.''

അല്ലാഹുവിൽ തവക്കുലാക്കുക എന്ന ആരാധനയിൽനിന്ന് വിശ്വാസികളെ പിഴപ്പിക്കാൻ പുരോഹിതന്മാർ ഉപയോഗിക്കുന്ന പുൽക്കൊടികൂടിയാണ് ഹദ്ദാദ്. നബി(സ്വ) പഠിപ്പിച്ചതാണെന്ന് തോന്നുംവിധം അവർ ഇതിനെ പരിചയപ്പെടുത്തുന്നത് നോക്കൂ:

"തിരുനബി(സ)യും മഹാത്മാക്കളും നിത്യജീവിതത്തിൽ പതിവാക്കാൻ നിർദേശിച്ച അനേകം ദിക്റുകളിൽ ഇലാഹീ സമർപണം അടങ്ങിയത് കാണാം. ഹദ്ദാദ് ഉദാഹരണം. അവയൊക്കെ പതിവാക്കുമ്പോൾ തവക്കുലിന്റെ ദൃഢതയേറും''(സുന്നിവോയ്സ്/2023 മെയ് 16-31).



**സൂഫികൾക്കിടയിൽ അബുൽ ആലമീൻ, ശൈഖുൽ കബീർ, ഉസ്താദുൽ ജമാഅ എന്നീ സ്ഥാനപ്പേരുകളിൽ അറിയപ്പെടുന്ന അശ്അരി വക്താവാണ് മുസ്‌ലിയാക്കന്മാരുടെ രിഫാഈ ശൈഖ്. അല്ലാഹുവിന്റെ മാത്രമായിട്ടുള്ള അവകാശങ്ങളെയും കഴിവുകളെയും ഈ സൂഫീ ആചാര്യന് ഇവർ വകവെച്ച് കൊടുക്കുന്നത് കാണുക: "മുഖത്തു നോക്കി മനസ്സിൽ സൂക്ഷിച്ച കാര്യങ്ങൾ പറയുന്നതും വരാനിരിക്കുന്ന കാര്യങ്ങൾ മുമ്പേ പറയുന്നതും അവിടുത്തെ കറാമത്തുകളിൽ ചിലതാണ്''(ശൈഖ് രിഫാഈ പ്രപഞ്ച വിസ്മയം/പേജ് 33).**

വിശ്വാസികളുടെതല്ലാത്ത വിശേഷണങ്ങളെ അതിയായി ആഗ്രഹിക്കുകയും വ്യാജന്മാരുടെ പേര് പറഞ്ഞ് പേടിപ്പിക്കുകയും ചെയ്യുന്ന ആദർശമാണ് മുസ്‌ലിയാക്കന്മാരുടെത്. ഇതല്ലല്ലോ ഇസ്‌ലാം! അല്ലാഹു പറയുന്നു: "അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ'' (8:2).

ലേഖകൻ എഴുതുന്നു: "ജീവിതത്തിൽ ഒരിക്കലെങ്കിലും കാണാൻ കഴിയുമെന്ന് നിനക്കാത്ത ഒരുപാട് മഹത്തുക്കളെ കാണാൻ സാധിച്ചുവെന്നതും ലോകത്തെ ഒട്ടുമിക്ക സിയാറത്ത് കേന്ദ്രങ്ങളും മഖാമുകളും ദർഗകളും ചരിത്രസ്ഥലങ്ങളും സന്ദർശിക്കാനായെന്നതുമാണ് ഉസ്താദിനൊപ്പമുള്ള യാത്രകളുടെ ഗുണമായി ഞങ്ങൾ കാണുന്നത്''(പേജ് 96).

ശിയാ വിശ്വാസത്തിന്റെ പ്രത്യക്ഷ അടയാളങ്ങളിൽപ്പെട്ട ജാറങ്ങളെയും മക്ബറകളെയും ഇസ്‌ലാമിന്റെ ചിഹ്നങ്ങളാക്കി മാറ്റാനുള്ള പുരോഹിതന്മാരുടെ തന്ത്രമാണിത്. പ്രമാണങ്ങൾ പ്രത്യേകം പറഞ്ഞ സന്ദർശന സ്ഥലങ്ങളിലെ വിടെയാണ് ജാറങ്ങളെ ഉൾപ്പെടുത്തിയത്? ഇസ്‌ലാമിന്റെ സൗന്ദര്യം വിളിച്ചോതുന്ന ശരിയായ ചരിത്രത്തിലേക്ക് മതവിരോധികൾ തിരുകിക്കയറ്റിയതല്ലാത്ത മറ്റൊരു ജാറ വ്യവസായം കാണാനാവില്ല. ഖബ്ർ സിയാറത്തിന്റെ യഥാർഥ

ലക്ഷ്യം വിസ്മരിക്കപ്പെടും വിധം ഇത്തരം ദുരൂഹതകൾ പരത്തി സമൂഹത്തെ കബളിപ്പിക്കലാണ് മുസ്‌ലിയാക്കന്മാരുട പ്രധാന പണി.

ഇവർ പരിചയപ്പെടുത്തുന്ന ശിർക്കിന്റെ വിപണനകേന്ദ്രങ്ങളായ മറ്റു ചില ജാറങ്ങളുടെ കള്ളപ്പോരിശകൾ കൂടി വായിക്കാം: “ഇടുക്കിയിലെ പ്രസിദ്ധമായ മുസ്‌ലിം തീർത്ഥാടന കേന്ദ്രമാണ് പീരുമേട് മഹ്ളറ. പീർ മുഹമ്മദ് ഇബാദത്തിലായി കഴിഞ്ഞിരുന്ന സ്ഥലമാണ് മഹ്ളറയായി പരിപാലിക്കപ്പെടുന്നത്”(സുന്നിവോയ്സ്/2023 ജൂൺ 1-15/ പേജ് 32).

“ദക്ഷിണ കേരളത്തിലെ പ്രസിദ്ധ മുസ്‌ലിം തീർത്ഥാടന കേന്ദ്രമാണ് വാഗമണിലെ തങ്ങൾപാറ... അല്ലാഹുവിനെ ഇഷ്ടപ്പെട്ടവർ ജനമനസ്സുകളിൽ ഇടംപിടിക്കുമെന്നതിനുള്ള നേർസാക്ഷ്യമാണ് തങ്ങൾ പാറയിലേക്കുള്ള സന്ദർശക പ്രവാഹം. ഏന്തയാർ മുസ്‌ലിം ജമാഅത്തിനു കീഴിൽ ഈ സന്ദർശന കേന്ദ്രം സംരക്ഷിക്കപ്പെടുന്നു ...”(പേജ് 34).

“തൊടുപുഴയിലും പരിസരങ്ങളിലും ധാരാളം പൈതൃക മുദ്രകൾ പതിഞ്ഞിട്ടുണ്ട്. മഞ്ഞിൽ പൊതിഞ്ഞ ഗിരിനിരകൾക്കിടയിൽ വിശ്വാസികളുടെ മനം കുളിർപ്പിക്കുന്ന മലങ്കര മഖാം തൊടുപുഴയിൽ നിന്നും ഇടുക്കി പാതയിൽ ആറു കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്നു” (പേജ് 36).

“തൊടുപുഴയിലെ കോന്താല പള്ളിയും മഖ്ബറയും തീർത്ഥാടകരുടെ ഇഷ്ടകേന്ദ്രങ്ങളാണ്. കോന്താലം, ബാവ എന്നീ പേരുകളിൽ വിശ്രുതരായ രണ്ടു മഹാരഥന്മാരുടെ സാന്നിധ്യമാണ് ഇവിടെ ആത്മീയ വസന്തം തീർക്കുന്നത്”(പേജ് 36).

അല്ലാഹുവിൽ പങ്ക് ചേർക്കുന്നതിലേക്ക് വഴിവെക്കുന്ന ഈ അനാചാരത്തെ എത്ര ഗൗരവത്തോടെയാണ് ഇസ്‌ലാം നിരോധിച്ചത്! ജാബിറി(റ)ൽനിന്ന് നിവേദനം:

**ജാബിറി(റ)ൽനിന്ന് നിവേദനം: “ക്വബ്റുകൾ കുമ്മായമടിക്കുക, അതിന്മേൽ ഇരിക്കുക, അതിന്മേൽ എടുപ്പുണ്ടാക്കുക എന്നിവ നബി(സ്വ) വിരോധിച്ചിരിക്കുന്നു’’ (മുസ്‌ലിം). നബി(സ്വ)യുടെ അനുചരന്മാരുടെ ജീവിതത്തിൽ ക്വബ്റുകളുമായി ബന്ധപ്പെടുത്തി ഇപ്രകാരമുള്ള ഏർപ്പാടുകൾ ചെയ്തത് കാണുകയില്ല. ഏറ്റവും വലിയ വലിയ്യുകളായി ജീവിച്ചവരുടെ ക്വബ്റുകൾക്കോ അതിന്റെ പരിസരങ്ങൾക്കോ ഇങ്ങനെ ബഹുമതി നൽകപ്പെട്ടിട്ടില്ല. ഞങ്ങൾ ശാഫിഈ മദ്ഹബുകാരാണെന്ന് അവകാശപ്പെടുന്ന ഇവർക്ക് ഈ വിഷയത്തിലെന്നല്ല ഏത് പ്രശ്നത്തിലും അദ്ദേഹത്തിന്റെ പ്രാമാണിക നിലപാട് സ്വീകരിക്കുക എന്ന പതിവുമില്ല.**

“ക്വബ്റുകൾ കുമ്മായമടിക്കുക, അതിന്മേൽ ഇരിക്കുക, അതിന്മേൽ എടുപ്പുണ്ടാക്കുക എന്നിവ നബി(സ്വ) വിരോധിച്ചിരിക്കുന്നു” (മുസ്‌ലിം).

നബി(സ്വ)യുടെ അനുചരന്മാരുടെ ജീവിതത്തിൽ ക്വബ്റുകളുമായി ബന്ധപ്പെടുത്തി ഇപ്രകാരമുള്ള ഏർപ്പാടുകൾ ചെയ്തത് കാണുകയില്ല. ഏറ്റവും വലിയ വലിയ്യുകളായി ജീവിച്ചവരുടെ ക്വബ്റുകൾക്കോ അതിന്റെ പരിസരങ്ങൾക്കോ ഇങ്ങനെ ബഹുമതി നൽകപ്പെട്ടിട്ടില്ല. ഞങ്ങൾ ശാഫിഈ മദ്ഹബുകാരാണെന്ന് അവകാശപ്പെടുന്ന ഇവർക്ക് ഈ വിഷയത്തിലെന്നല്ല ഏത് പ്രശ്നത്തിലും അദ്ദേഹത്തിന്റെ പ്രാമാണിക നിലപാട് സ്വീകരിക്കുക എന്ന പതിവുമില്ല.

ഇമാം നവവി(റഹ്) പറയുന്നു: “നിശ്ചയം, സുന്നത്ത് ക്വബ്ർ ഭൂമിയിൽനിന്ന് കൂടുതലായി ഉയർത്തരുത് എന്നും മുൻഭാഗം കൂനയാക്കാൻ പാടില്ല എന്നുമാണെന്ന് ഹദീസിലുണ്ട്. എന്നാൽ ഏകദേശം ഒരു ചാൺ ഉയർത്തുകയും മുൻഭാഗം പരത്തുകയും വേണം. അതാണ് ഇമാം ശാഫിഈ(റ)യുടെയും അദ്ദേഹത്തെ പിൻപറ്റിയവരുടെയും അഭിപ്രായം”(ശർഹു മുസ്‌ലിം/വാള്യം7/പേജ് 40).

നബി(സ്വ)യിലൂടെ നൽകപ്പെട്ട സന്ദേശത്തെ അവഗണി





ച്ചും അതിനെപ്പറ്റി അജ്ഞരായവരെ ചൂഷണം ചെയ്തുമാണ് ഈ കടുത്ത പാപം പുരോഹിത വർഗം ചുമക്കുന്നത്. ശിർക്ക് ചെയ്തവർ പരലോകത്ത് അഭിമുഖീകരിക്കേണ്ട അവസ്ഥയെ കുറിച്ച് വിശുദ്ധ ക്വുർആൻ പറഞ്ഞ കാര്യമാണ് ഓർമിപ്പിക്കാനുള്ളത്.

അല്ലാഹു പറയുന്നു: "നാം അവരെ മുഴുവൻ ഒരുമിച്ചുകൂട്ടുകയും, പിന്നീട് ബഹുദൈവാരാധകരോട് നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്ന നിങ്ങളുടെ വകയായുള്ള ആ പങ്കാളികൾ എവിടെയെന്ന് നാം ചോദിക്കുകയും ചെയ്യുന്ന ദിവസം (ഓർക്കുക). അനന്തരം, അവരുടെ ന്യായം 'ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെത്തന്നെയാണെ സത്യം, ഞങ്ങൾ പങ്കുചേർക്കുന്നവരായിരുന്നില്ല' എന്ന് പറയുന്നതല്ലാതെ മറ്റൊന്നുമായിരിക്കില്ല. നോക്കൂ; അവർ സ്വന്തം പേരിൽതന്നെ എങ്ങനെ കള്ളം പറഞ്ഞു എന്ന്. അവർ എന്തൊന്ന് കെട്ടിച്ചമച്ചിരുന്നുവോ അതവർക്ക് ഉപകരിക്കാതെ പോയിരിക്കുന്നു"(6:22-24).

ലേഖകൻ മുസ്‌ലിയാരുടെ വലിയ മേന്മയായി എഴുതിവിടുന്നത് കാണുക: "വെള്ളിയാഴ്ച രാവിൽ യാസീൻ ഓതുന്ന സമയം കൂടെയുള്ളവരെ വിളിച്ച് അവരുടെ കുടുംബങ്ങളിൽനിന്ന് മരണപ്പെട്ടവർക്ക് വേണ്ടിയും മറ്റും പ്രത്യേകം ദുആ ചെയ്യും" (പേജ് 106).

തൗഹീദും മതത്തെ കളവാക്കുന്നവരുടെ പര്യവസാനവും പരലോകത്തെ അവസ്ഥകളും പ്രധാന വിഷയങ്ങളായിട്ടുള്ള സൂറത്താണ് യാസീൻ. ദുർബലവും നിർമിതവുമായ വാക്കുകൾ എടുത്തുകാട്ടി ആ അധ്യായത്തിനില്ലാത്ത മേന്മകൾ ഉണ്ടാക്കിയ സൂഫികളുടെ ആശയത്തെയാണ് ഇതിലൂടെ പുരോഹിതന്മാർ ജീവിപ്പിക്കുന്നത്. വെള്ളിയാഴ്ചദിവസം ഓതേണ്ടതും ചൊല്ലേണ്ടതുമായി നബി(സ്വ) പഠിപ്പിച്ചതിലെവിടെയും സൂറത്തു യാസീൻ പരാമർശിക്കപ്പെട്ടിട്ടില്ല. സ്വഹീഹായ പരമ്പരയോടെ ലഭ്യമായ ഒരു ഹദീസ് പോലും ഈ വിഷയത്തിൽ ഉദ്ധരിക്കാൻ മുസ്‌ലിയാക്കന്മാർക്ക് സാധിച്ചിട്ടില്ല. മിക്ക പള്ളികളിൽനിന്നും അന്നേദിവസം ഉച്ചത്തിൽ ഇത് പാരായണം ചെയ്യപ്പെടുന്നു. മരണാനന്തര വിചാരണയെ ഭയക്കാത്തതുകൊണ്ടാണ് പുത്തനാചാരങ്ങളെ പൊലിപ്പിക്കാൻ ഇവർ ഇത്ര ധൈര്യപ്പെടുന്നത്. എത്ര വലിയ ഉസ്താദ് ചെയ്താലും അനാചാരം തള്ളപ്പെടേണ്ടത് തന്നെയാണ്.

ആഇശ(റ)യിൽനിന്ന്; നബി(സ്വ) പറഞ്ഞു: "നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്"(ബുഖാരി, മുസ്‌ലിം).

പുത്തനാചാരങ്ങളെ ഏറ്റെടുത്ത് പ്രചരിപ്പിക്കുന്ന ഇക്കൂട്ടർ നബിചര്യയുടെ വേഷം ധരിച്ച് യഥാർഥ സുന്നത്തിനെ മരവിപ്പിക്കുകയാണ്.

പ്രമാണങ്ങളുടെ വെളിച്ചത്തിൽ ജീവിക്കുന്നവർക്ക് നേരെ ശത്രുത പരത്തി ആക്ഷേപങ്ങൾ അഴിച്ച് വിടുന്നവർ ഏറെക്കാലം സ്മരിക്കപ്പെടുമെന്ന മൂഢധാരണയിലാണ്. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റഹ്) പറയുന്നു: "സുന്നത്തിന്റെ ആളുകൾ മരിക്കുകയും അവരുടെ സ്മരണ ജീവിക്കുകയും ചെയ്യും. ബിദ്അത്തുക്കാർ മരിക്കുന്നതോടെ അവരുടെ ഓർമയും മരിക്കും. നിശ്ചയം സുന്നത്തിന്റെ വക്താക്കൾ റസൂൽ(സ്വ) കൊണ്ടുവന്നതിനെ ജീവിപ്പിച്ചതിനാൽ അവർക്ക് അല്ലാഹുവിൽനിന്ന് 'നിനക്ക് നിന്റെകീർത്തി നാം ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു'(94:4) എന്ന വിഹിതമുണ്ട്. പുത്തനാശയക്കാർ നബി(സ്വ) കൊണ്ടുവന്നതിനെ വെറുത്തതിനാൽ 'തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചുപുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)'(108:3) എന്ന ഓഹരിയുമുണ്ട്."



# ഏക സിവിൽകോഡിലെ ഒളിയമ്പുകൾ

**ഉസ്മാൻ പാലക്കാഴി**
: 9656 292 244

വെള്ളപ്പടയെ നാം തുരത്തിയില്ലേ
വല്ലാത്തൊരു ധീര ചരിതമല്ലേ
കള്ളപ്പരിശകൾ പതറിപ്പോയി
കഠിന സമരത്തിൽ വിറച്ചുപോയി

കൊള്ള നിറുത്തിക്കൊണ്ടവർ പോകുന്നു
കഴിവുള്ള നേതാക്കൾ ഭരിച്ചിടുന്നു
പൊള്ളുന്നതാം സത്യം ഗ്രഹിച്ചിടുന്നു
പതിയെ പുരോഗതി വരിച്ചിടുന്നു

പതിയെ ഭരണത്തിലണഞ്ഞുവല്ലോ
പകയാൽ പുകയുന്ന പരിവാറല്ലോ
അതിരറ്റൊരു ദുഷ്ട മനസ്കരല്ലോ
അകമാകെയും ഇസ്‌ലാം വിരോധമല്ലോ

അതിനാൽ വെറുപ്പിൻ വിത്തെറിഞ്ഞിടുന്നു
അധികാരികൾ പക്ഷം പിടിച്ചിടുന്നു
മതമൊന്നിനെ മാത്രം അകറ്റിടുന്നു
മനസ്സിൽ വിഭജനം നടത്തിടുന്നു

വിഭജിക്കുവാൻ തന്ത്രം മെനഞ്ഞിടുന്നു
വലിയ നുണക്കഥ രചിച്ചിടുന്നു
അഭയം ചിലർക്കെല്ലാം തടഞ്ഞിടുന്നു
അഹങ്കാരമിൽ ഗമനം തുടർന്നിടുന്നു

അഭിപ്രായ സ്വാതന്ത്ര്യം ഹനിച്ചിടുന്നു
അപമാനമോ സ്വയം വരിച്ചിടുന്നു
സഭയിൽ സമർപ്പിക്കാൻ ഒരുക്കമല്ലോ
സിവിൽ കോഡ് ഒന്നാക്കാൻ ഒരു ബില്ലല്ലോ

ഒന്നാക്കി മാറ്റുമ്പോൾ ഗുണമുണ്ടെന്ന്
ഒരു നോട്ടമിലാർക്കും മനസ്സിൽ തോന്നും
എന്നാൽ അതിൻ പിന്നിൽ ചതിയുണ്ടല്ലോ
എല്ലാ മതക്കാർക്കും എതിരാണല്ലോ

ഒന്നിച്ചെതിർക്കേണ്ട നിയമമല്ലോ
ഒരുമ തകർക്കുന്ന ശ്രമമാണല്ലോ
എന്നും അധികാരം നിലനിർത്താനായ്
എന്തും ഇവർ കാട്ടും അത് നേടാനായ്

കാട്ടും നെറികേട് അലങ്കാരമായ്
കൊണ്ടു നടക്കുന്നോർ ചിരകാലമായ്
നേട്ടം സവർണർക്കെന്നറിഞ്ഞിടാതെ
നാക്കിട്ടടിക്കുന്നു അറിവില്ലാതെ

മേട്ടം ഇസ്‌ലാമിൻ തലക്കാകുമ്പോൾ
മൊത്തം വിരോധികൾ ഒരുമിക്കുമ്പോൾ
കിട്ടും അധികാരം തുടർന്നുമെന്ന
കൊതിയാണിതിൻ പിന്നിൽ അറിയുകിന്ന്

# ഏക വ്യക്തിനിയമവും ബഹുസ്വര സമൂഹവും




സുഫ്‌യാൻ അബ്ദുസ്സലാം
81296 17676

**യു.സി.സി പാർലമെന്റിൽ**

1963ൽ പാർലമെന്റിൽ ഏകീകൃത സിവിൽ കോഡ് ചർച്ചക്ക് വന്നപ്പോൾ അന്നത്തെ നിയമമന്ത്രി അശോക് കുമാർ സെൻ പറഞ്ഞത് ഇപ്പോഴും പ്രസക്തമാണ്: 'ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ പരിഗണിച്ചുകൊണ്ട് പറയട്ടെ, വ്യക്തിനിയമങ്ങളുമായി ബന്ധപ്പെട്ട പരിഷ്‌കരണങ്ങൾ അതാത് സമുദായത്തിൽ നിന്നാണ് ഉയർന്നുവരേണ്ടത്. ന്യൂനപക്ഷ സമുദായങ്ങളുടെ ഇത്തരം കാര്യങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുക എന്നത് ഇന്ത്യാ ഗവർമെന്റിന്റെ നയമല്ല' (South Asian Politics & Religion - Donalds Smith - Page 145). ഏതായിരുന്നാലും മൗലികാവകാശങ്ങളായി അനുച്ഛേദം 25ൽ രേഖപ്പെടുത്തപ്പെട്ട മത വിശ്വാസ, ആചാര, പ്രാചരണ സ്വാതന്ത്ര്യം നിലനിൽക്കുന്നിടത്തോളം കാലം വ്യക്തിനിയമങ്ങൾക്ക് ഭരണഘടനയുടെ സംരക്ഷണമുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. രാജ്യം സ്വതന്ത്രമായി 75 വർഷങ്ങൾ പിന്നിട്ടിട്ടും ഒരു ഏകീകൃത സിവിൽ കോഡ് ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ അതിന്റെയർഥം രാജ്യത്ത് അത് പ്രായോഗികമല്ല എന്നു തന്നെയാണ്.

ന്യൂനപക്ഷങ്ങളോട് വിരോധം പുലർത്തുന്നവർ എല്ലാ കാലത്തും ഏകീകൃത സിവിൽ കോഡ് വാദം ഉയർത്തിപ്പിടിച്ചിട്ടുണ്ട്. 1985ലെ ഷാബാനു ബീഗം കേസ് സജീവമായി നിലനിന്നപ്പോൾ കമ്യൂണിസ്റ്റുകാർ ആയിരുന്നു ഏകീകൃത സിവിൽ കോഡിന്റെ ഏറ്റവും വലിയ ആവശ്യക്കാർ. ഷാബാനു കേസിന് ശേഷം 1995ലാണ് വിഷയം വീണ്ടും സജീവമായത്. മതപരിവർത്തനം നടത്തി രണ്ടാം വിവാഹത്തിൽ ഏർപ്പെടുന്നതുമായി ബന്ധപ്പെട്ട സരള മുദ്ഗ കേസിൽ വിധി പറഞ്ഞ ജസ്റ്റിസ് കുൽദീപ് സിംഗ് രാജ്യത്ത് ഏകീകൃത സിവിൽ കോഡ് നടപ്പാക്കാൻ പാർലമെന്റ് നടപടി സ്വീകരിക്കണം എന്ന് പറഞ്ഞതോടെ സുപ്രീം കോടതിയുടെ ഭാഗത്തുനിന്നും ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നതിനുള്ള സമ്മർദമായി പലരും അതിനെ കണ്ടു. പിന്നീട് ഈ വിഷയം മുത്വലാക് വിവാദത്തിലൂടെയാണ് ഉയർന്നുവന്നത്.

**നിയമ കമ്മീഷനും യു.സി.സിക്ക് എതിരെ**

നരേന്ദ്രമോദി അധികാരത്തിൽ വന്നതിന് ശേഷമാണ് പിന്നീട് വിഷയത്തിന് ഇളക്കം തട്ടിയത്. 2016 ൽ കേന്ദ്ര നിയമ മന്ത്രാലയം നിയമകമ്മീഷനോട് ഏകീകൃത സിവിൽ കോഡുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ആവശ്യപ്പെട്ടു. രണ്ടുവർഷം പഠനം നടത്തിയ നിയമകമ്മീഷൻ 2018ൽ നൽകിയ റിപ്പോർട്ടിൽ പറഞ്ഞത് ഇന്ത്യയിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കാൻ സാധിക്കില്ല എന്നായിരുന്നു. 2018ൽ നിയമകമ്മീഷൻ പുറത്തിറക്കിയ 185 പേജുള്ള റിപ്പോർട്ടിന്റെ പേര് 'കുടുംബ നിയമങ്ങളുടെ പരിഷ്‌കരണം സംബന്ധിച്ച വിദഗ്ധാഭിപ്രായം' (Consultation Paper on Reform of Family Law) എന്നായിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ നിയമ കമ്മീഷൻ പറയുന്നു: 'സാംസ്‌കാരിക വൈവിധ്യത്തിന്റെ പേരിലുള്ള പ്രശ്‌നങ്ങൾ പരിഹരിക്കുന്നതിലൂ

ടെ വൈവിധ്യം തന്നെ ഇല്ലാതാകുന്ന നടപടികൾ പാടില്ല. അതിനാൽ ഈ ഘട്ടത്തിൽ ആവശ്യമില്ലാത്തതോ അഭികാമ്യമല്ലാത്തതോ ആയ ഒരു ഏകീകൃത സിവിൽ കോഡ് ഉണ്ടാക്കുകയല്ല വേണ്ടത്, പകരം വിവിധ വ്യക്തിനിയമങ്ങളിൽ വിവേചനപരമായ നിയമങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികളാണ് വേണ്ടത്. ലോകത്തെ മിക്ക രാജ്യങ്ങളും വൈവിധ്യം നിലനിർത്താനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വൈവിധ്യം വിവേചനത്തെയല്ല, മറിച്ച് ശക്തമായ ജനാധിപത്യത്തിന്റെ അടയാളമാണ്' (പേജ് 7). 'a uniform civil code which is neither necessary nor desirable at this stage' എന്ന് വളരെ വ്യക്തമായി നിയമ കമ്മീഷൻ അന്ന് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. സാംസ്കാരിക വൈവിധ്യത്തിൽ വിട്ടുവീഴ്ച ചെയ്യാനാകില്ലെന്നും ഏക സിവിൽ കോഡിന് വേണ്ടിയുള്ള ത്വരതന്നെ രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് ഭീഷണിയാകുമെന്നും അതിൽ പറഞ്ഞിട്ടുണ്ട്.

പ്രസ്തുത നിയമകമ്മീഷന്റെ കാലാവധി കഴിഞ്ഞതോടെ 2022ൽ പുതിയ കമ്മീഷൻ നിലവിൽ വന്നു. ഹിജാബ് വിഷയത്തിൽ കർണാടക്ക് അനുകൂലമായി വിധിച്ച മുൻ കർണാടക ചീഫ് ജസ്റ്റിസ് ഋതുരാജ് അഗസ്റ്റിയാണ് പുതിയ നിയമകമ്മീഷൻ ചെയർമാൻ. രാജ്യത്തിന് ഒരു ഏകീകൃത സിവിൽ നിയമം അനിവാര്യമാണെന്ന് കേന്ദ്ര സർക്കാർ കഴിഞ്ഞ ഒക്ടോബറിൽ സുപ്രീം കോടതിയെ അറിയിച്ചതിനെ തുടർന്നാണ് നിയമകമ്മീഷനും പ്രവർത്തനം ആരംഭിച്ചത്. ജൂൺ 14നു രാജ്യത്തെ വിവിധ മതസംഘടനകളുടെയും പൊതുസമൂഹത്തിന്റെയും ഏക സിവിൽ കോഡ് വിഷയത്തിൽ അഭിപ്രായം തേടിക്കൊണ്ട് നിയമ കമ്മീഷൻ നോട്ടിഫിക്കേഷൻ ഇറക്കി. ഇതേ തുടർന്നാണ് നരേന്ദ്രമോദി തന്നെ പ്രസ്തുത വിഷയത്തിൽ അഭിപ്രായ പ്രകടനങ്ങളുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

**ന്യൂനപക്ഷങ്ങൾ ഭീതിയിലാകുന്ന സന്ദർഭങ്ങളിലും അവർക്കിടയിൽ ഭിന്നത വളർത്തി മുതലെടുപ്പ് നടത്താനാണ് ചില രാഷ്ട്രീയ കേന്ദ്രങ്ങൾ ശ്രമിക്കുന്നത്. മതേതര കക്ഷികളിൽ ഭിന്നിപ്പുണ്ടാക്കി മുസ്‌ലിം മത സംഘടനകളുടെ പിന്തുണ മാത്രം കാംക്ഷിക്കുന്നവർ മുട്ടനാടുകളെ തമ്മിലടിപ്പിക്കുന്ന ചെന്നായ്ക്കളാണെന്ന് തിരിച്ചറിയാതിരുന്നാൽ അത് രാഷ്ട്രത്തിന്റെയും ന്യൂനപക്ഷങ്ങളുടെയും ശത്രുക്കൾക്ക് മാത്രമാണ് നേട്ടം പകർന്നു നൽകുക. ഇതൊരു മുസ്‌ലിം പ്രശ്നം മാത്രമാക്കി, മുസ്‌ലിം മത നേതാക്കളെ മാത്രം വേദിയിൽ അണിനിരത്തുന്നതോടെ അതിന്റെ മുഴുവൻ ഗുണഫലവും അനുഭവിക്കാൻ പോകുന്നത് സംഘ്പരിവാർ പ്രഭൃതികൾ മാത്രമായിരിക്കും**

### മതേതര സമൂഹത്തിന്റെ ജാഗ്രത പ്രധാനം

ജൂലൈ 20നു ചേരുന്ന പാർലമെന്റ് സമ്മേളനത്തിൽതന്നെ ഏകീകൃത സിവിൽ നിയമത്തിനായുള്ള ബിൽ അവതരിപ്പിക്കാനാണ് കേന്ദ്ര സർക്കാറിന്റെ പദ്ധതി. വർഗീയ ധ്രുവീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള കേവല രാഷ്ട്രീയ ഗിമ്മിക്കുകളാണ് ഇതിന്റെ പിന്നിലുള്ളതെങ്കിലും വരാനിരിക്കുന്ന അപകടത്തെ സംബന്ധിച്ച് മതനിരപേക്ഷ സമൂഹം ജാഗ്രത പാലിച്ചില്ലെങ്കിൽ കാര്യങ്ങൾ കൈവിട്ടുപോകും. കരട് വരട്ടെ, അപ്പോൾ നമുക്ക് നോക്കാം എന്ന് പറഞ്ഞു ഒഴിഞ്ഞു മാറാൻ സാധിക്കുന്ന വിഷയമല്ലയിത്. ഏകീകൃത സിവിൽ കോഡിനെ തത്വത്തിൽ അംഗീകരിച്ചും അതിന്റെ യാതൊരു വിശദീകരണങ്ങളും ഉൾപ്പെടുത്താതെയുമായിരിക്കും ബിൽ അവതരിപ്പിക്കുക. ബിൽ ഭൂരിപക്ഷത്തോടെ പാസാവുകയും അതിൽ രാഷ്ട്രപതി ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞാൽ അത് രാജ്യത്തെ നിയമമായി. പൗരത്വ നിയമം രാജ്യത്ത് ഇപ്പോൾ നിയമം തന്നെയാണ്. അത് സുപ്രീം കോടതിയുടെ ഫയലുകളിൽ ഉറങ്ങിക്കിടക്കുകയാണെങ്കിലും ഏത് സാഹചര്യത്തിലും അത് വീണ്ടും ഉയർന്നുവന്നേക്കാം. അതുപോലെ ഏകീകൃത സിവിൽ കോഡും നിയമമാക്കിവയ്ക്കുകയും രാജ്യത്തെ ന്യൂനപക്ഷങ്ങളെ ഭീതിപ്പെടുത്തുവാനുള്ള ആയുധമായി ഉപയോഗിക്കുകയും ചെയ്യുക എന്ന തന്ത്രമാണ് കേന്ദ്രസർക്കാറിന്റെ തലച്ചോറിൽ രൂപപ്പെടുന്നത്. അതെല്ലാം ന്യൂനപക്ഷങ്ങളുടെ മൂർദ്ധാവിന് മുകളിൽ ഡമോക്ലസിന്റെ വാളുപോലെ തൂക്കിയിട്ടാൽ ന്യൂനപക്ഷങ്ങളെ രണ്ടാം തരം പൗരന്മാരാക്കി മാറ്റാമെന്ന സ്വപ്നമാണ് അവർ കണ്ടുകൊണ്ടിരിക്കുന്നത്.

ന്യൂനപക്ഷങ്ങൾ ഭീതിയിലാകുന്ന ഇത്തരം സന്ദർഭങ്ങളിലും അവർക്കിടയിൽ ഭിന്നത വളർത്തി മുതലെടുപ്പ് നടത്താനാണ് ചില രാഷ്ട്രീയ കേന്ദ്രങ്ങൾ ശ്രമിക്കുന്നത്. മതേതര കക്ഷികളിൽ ഭിന്നിപ്പുണ്ടാക്കി മുസ്‌ലിം മത സംഘടനകളുടെ പിന്തുണ മാത്രം കാംക്ഷിക്കുന്നവർ മുട്ടനാടുകളെ തമ്മിലടിപ്പിക്കുന്ന ചെന്നായ്ക്കളാണെന്ന് തിരിച്ചറിയാതിരുന്നാൽ അത് രാഷ്ട്രത്തിന്റെയും ന്യൂനപക്ഷങ്ങളുടെയും ശത്രുക്കൾക്ക് മാത്രമാണ് നേട്ടം പകർന്നു നൽകുക. ഇതൊരു മുസ്‌ലിം പ്രശ്നം മാത്രമാക്കി, മുസ്‌ലിം മത നേതാക്കളെ മാത്രം വേദിയിൽ അണിനിരത്തുന്നതോടെ അതിന്റെ മുഴുവൻ ഗുണഫലവും അനുഭവിക്കാൻ പോകുന്നത് സംഘ്പരിവാർ പ്രഭൃതികൾ മാത്രമായിരിക്കും.



*2023 ജൂലായ് 14ന് കോഴിക്കോടുവെച്ച് ഏക സിവിൽ കോഡ് വിഷയത്തിൽ സിപിഎം നടത്തിയ സെമിനാറിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്ത വരമൊഴി*

# ഏക സിവിൽ കോഡ്; ഇതാണ് നമ്മുടെ നിലപാട്

**ടി.കെ അശ്റഫ്**
: 81118 07199

> **പ്രധാനമന്ത്രി ഏക സിവിൽ കോഡ് സംബന്ധിച്ച് ഭോപ്പാലിൽ നടത്തിയ പ്രസംഗത്തിന്റെ ലക്ഷ്യം നേടിക്കൊടുക്കരുത് എന്നതാണ് എല്ലാവരും യോജിക്കുന്ന പോയിന്റ്. ഭിന്നിപ്പിക്കലാണ് പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ ലക്ഷ്യം. ചേർന്നുനിൽക്കലാണ് അതിനുള്ള മറുപടി.**

ഈ ദേശീയ സെമിനാർ സംഘടിപ്പിക്കുന്ന സിപിഎം അടക്കമുള്ള എല്ലാ മതേതര പാർട്ടികളും യോജിക്കുന്ന ഒരു പോയിന്റുണ്ട്. പ്രധാനമന്ത്രി ഏക സിവിൽ കോഡ് സംബന്ധിച്ച് ഭോപ്പാലിൽ നടത്തിയ പ്രസംഗത്തിന്റെ ലക്ഷ്യം നേടിക്കൊടുക്കരുത് എന്നതാണ് എല്ലാവരും യോജിക്കുന്ന ആ പോയിന്റ്. ഭിന്നിപ്പിക്കലാണ് പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ ലക്ഷ്യം. ചേർന്നുനിൽക്കലാണ് അതിനുള്ള മറുപടി. ആ ചേർന്നുനിൽപിന് ഈ സെമിനാർ കരുത്തുപകരട്ടെയെന്ന് ഞാൻ പ്രത്യാശിക്കുകയാണ്.

ഈ വിഷയത്തിൽ നമുക്കാർക്കും ആശയക്കുഴപ്പം ഉണ്ടാകരുത്. ഇതിൽ ആരോടൊപ്പമെല്ലാം നിൽക്കണം, ആരെയെല്ലാം ചേർത്തുപിടി

**ഏക സിവിൽ കോഡ് വിഷയത്തിൽ കൃത്യമായ നിലപാടെടുക്കാൻ നമുക്ക് സാധിക്കണം. ഇത് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചവർക്ക് തന്നെ ആശയക്കുഴപ്പമുണ്ട്. അതിന്റെ കരടുരൂപം ഇപ്പോഴും പുറത്തുവിട്ടിട്ടില്ല. എതിർക്കുന്നവരുടെ ഇടയിലും രണ്ടു തരത്തിൽ ഇതിനെ സമീപിക്കുന്നവരുണ്ട്. അതിലൊന്ന്, 'ഇപ്പോൾ ഇത് നടപ്പാക്കേണ്ടതില്ല പിന്നീടാവാം. വ്യക്തിനിയമം അതത് സമുദായത്തിൽ ചർച്ച ചെയ്ത് പരിഷ്കരിക്കുകയാണ് വേണ്ടത്; ഗവൺമെന്റ് അടിച്ചേൽപിക്കരുത്' എന്നതാണ്. മറ്റൊന്ന് 'ഏകീകൃത സിവിൽ കോഡിന് വേണ്ടി ഇസ്‌ലാമിക വ്യക്തി നിയമത്തിൽ ഒരിക്കലും ഇടപെടരുത്' എന്ന നിലപാടാണ്. ഇവിടെ രണ്ടാമത്തെ നിലപാടിനൊപ്പമാണ് നാമുള്ളത് എന്ന് പ്രത്യേകം സൂചിപ്പിക്കുകയാണ്. കാരണം, ഇത് ഭരണഘടനക്ക് എതിരാണ്.**

ക്കണം എന്ന കാര്യത്തിൽ അവ്യക്തത ഒരിക്കലും ഉണ്ടാവേണ്ടതില്ല. ഇതിനെ ഒരു ആക്സിഡന്റ് സംഭവിച്ചത് പോലെയാണ് നാം പരിഗണിക്കേണ്ടത്. മനോഹരമായ ഒരു ദേശീയ പാതയിലൂടെ ചെറുതും വലുതുമായ വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്നു. വ്യത്യസ്ത ദിശകളിലേക്കാണ് പോകുന്നത്. പ്രത്യേക ലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് പോയിക്കൊണ്ടിരിക്കുന്നത്. സ്വഛമായി ഒഴുകുന്ന ആ വാഹനങ്ങൾക്കിടയിലേക്ക് ഇടിച്ചുകയറിയ ഒരു അപകടമാണ് ഈ യൂണിഫോം സിവിൽ കോഡ് പ്രശ്നം. ഒരു അപകടം സംഭവിക്കുമ്പോൾ ആളുകൾ ഒരുമിച്ചു കൂടും, പരിക്കേറ്റവരെ വാഹനത്തിൽ കയറ്റും, ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകും. അങ്ങനെ പലരീതിയിലും സഹായിക്കും. അത്യാസന്ന നിലയിലുള്ളവരെ സഹായിക്കുവാൻ ഓടിവരുന്നവരുടെ പേരും മേൽവിലാസവും ആരും ചോദിക്കാറില്ല. അവരുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യാറില്ല. അപകടത്തിൽ പെട്ടവരെ വാഹനത്തിൽ കയറ്റിയവർ ഹോസ്പിറ്റലിലേക്ക് അനുഗമിച്ചുകൊള്ളണമെന്നില്ല. ഹോസ്പിറ്റലിൽ എത്തിച്ചവർ പരിചരിക്കാൻ ഉണ്ടായിക്കൊള്ളണമെന്നില്ല. പരിചരണത്തിന് കൂടെയുണ്ടായവർ പണം നൽകിക്കൊള്ളണമെന്നില്ല. അവസാനം ബാക്കിയാകുന്നത് അപകടത്തിൽ പെട്ടവരോട് ഏറ്റവും അടുത്ത ബന്ധമുള്ളവരും അവരുടെ കാര്യത്തിൽ ആത്മാർഥതയുള്ളവരും മാത്രമാണ്. ഏക സിവിൽ കോഡിനെതിരെ ലക്ഷ്യം കാണുന്നതുവരെ പോരാടുന്നവരുടെ കൂട്ടത്തിൽ സിപിഎം ഉണ്ടാകണമെന്നാണ് നാം പ്രതീക്ഷിക്കുന്നത്.

ഈ വിഷയത്തിൽ കൃത്യമായ നിലപാടെടുക്കാൻ നമുക്ക് സാധിക്കണം. ഏക സിവിൽ കോഡ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചവർക്ക് തന്നെ ആശയക്കുഴപ്പമുണ്ട്. അതിന്റെ കരടുരൂപം ഇപ്പോഴും പുറത്തുവിട്ടിട്ടില്ല. എതിർക്കുന്നവരുടെ ഇടയിലും രണ്ടു തരത്തിൽ ഇതിനെ സമീപിക്കുന്നവരുണ്ട്. അതിലൊന്ന്, 'ഇപ്പോൾ ഇത് നടപ്പാക്കേണ്ടതില്ല പിന്നീടാവാം. വ്യക്തിനിയമം അതത് സമുദായത്തിൽ ചർച്ച ചെയ്ത് പരിഷ്കരിക്കുകയാണ് വേണ്ടത്; ഗവൺമെന്റ് അടിച്ചേൽപിക്കരുത്' എന്നതാണ്.





**ഇസ്‌ലാമിക വ്യക്തിനിയമം അത് പാലിക്കുന്നവർക്കോ മറ്റു മതക്കാർക്കോ ഒരു ദോഷവും ഉണ്ടാക്കുന്നില്ല എന്നതാണ്. ഇതാണ് ഒന്നാമതായി നമ്മൾ തിരിച്ചറിയേണ്ടത്. മുസ്‌ലിം സമുദായത്തിലുള്ള ആർക്കെങ്കിലും അതിനോട് വിയോജിപ്പോ വെറുപ്പോ അത് പാലിച്ചു ജീവിക്കാൻ വൈമനസ്യമോ ഉണ്ടെങ്കിൽ അവർക്ക് അവരുടെ ഇഷ്ടം പോലെ പ്രവർത്തിക്കാം; ഞങ്ങൾ ഈ ചെയ്യുന്നതാണ് ഇസ്‌ലാം എന്ന് പറയുകയും വാദിക്കുകയും ചെയ്യരുത് എന്നേ പറയാനുള്ളൂ. ഈ വിഷയത്തിൽ ഇടപെടുന്നവരോട് നമുക്ക് പറയാനുള്ളത് ഇതാണ്: ഇസ്‌ലാമിക ശരീഅത്ത് പലപ്പോഴും ഇവിടെ ചർച്ചക്ക് വിധേയമാകാറുണ്ട്, വിമർശിക്കപ്പെടാറുണ്ട്. അത്തരം ഘട്ടങ്ങളിൽ ശരീഅത്തിന്റെ എല്ലാ ഭാഗവും പഠിച്ച് ഇടപെടണം.**

മറ്റൊന്ന് 'ഏകീകൃത സിവിൽ കോഡിന് വേണ്ടി ഇസ്‌ലാമിക വ്യക്തി നിയമത്തിൽ ഒരിക്കലും ഇടപെടരുത്' എന്ന നിലപാടാണ്. ഇവിടെ രണ്ടാമത്തെ നിലപാടിനൊപ്പമാണ് നാമുള്ളത് എന്ന് ഞാൻ പ്രത്യേകം സൂചിപ്പിക്കുകയാണ്. കാരണം, ഇത് ഭരണഘടനക്ക് എതിരാണ്. വീട് പൊളിച്ചുകൊണ്ട് ഒരിക്കലും നമ്മൾ പടിപ്പുര ഉണ്ടാക്കാറില്ല. ഭരണഘടനയിലെ മൗലികാവകാശം എന്ന ഭാഗം നമ്മുടെ വീടാണ്. അതിന്റെ മാർഗനിർദേശക തത്ത്വങ്ങൾ എന്നത് വീടിന്റെ പടിപ്പുരയാണ്. ആ പടിപ്പുര ഉണ്ടാക്കാൻ വേറെ കല്ലുകൾ കൊണ്ടു വരികയല്ലാതെ വീടു പൊളിച്ചുകൊണ്ട് അതിന്റെ കല്ലെടുക്കാറില്ല. അഥവാ മൗലികാവകാശങ്ങൾ തകർത്തുകൊണ്ട് നിർദേശകതത്ത്വങ്ങൾ നടപ്പിലാക്കാൻ ഭരണഘടനാ വിശാരദന്മാർ ആരും തന്നെ ആവശ്യപ്പെട്ടിട്ടില്ല.

ഇസ്‌ലാമിക വ്യക്തിനിയമം എന്ന് പറയുന്നത് ദൈവികമാണ്. അതുകൊണ്ടുതന്നെ, അതിൽ കൈകടത്തുവാൻ സൃഷ്ടികൾക്കാർക്കും പാടില്ല. അതിന് ഇസ്‌ലാം അനുമതി നൽകുന്നില്ല എന്നതാണ് വസ്തുത. നമ്മുടെ ഭൂമിയിൽ മാത്രമെ നമുക്ക് ക്രയവിക്രയത്തിന് അധികാരമുള്ളൂ. അയൽവാസിയുടെ ഭൂമിയിൽ പോയി എന്തെങ്കിലും ചെയ്യാൻ അധികാരമില്ല. അതുപോലെ തന്നെ അല്ലാഹുവിന്റെ മതത്തിന്റെ നിയമങ്ങളിൽ കൈകടത്തുവാനും അവകാശമോ അനുമതിയോ ഇല്ല. അതുകൊണ്ടു തന്നെ മുസ്‌ലിം പണ്ഡിതൻമാർക്കോ സംഘടനകൾക്കോ ഇതിൽ കൈകടത്തുവാൻ സാധ്യമല്ല. ദിവ്യബോധനത്തിന്റെ (വഹ്‌യ്) അടിസ്ഥാനത്തിൽ പ്രപഞ്ച സ്രഷ്ടാവ് അവന്റെ അന്തിമ ദൂതനായ മുഹമ്മദ് നബി(സ്വ)യിലൂടെ അവതരിപ്പിച്ചതാണ് ഇസ്‌ലാമിക ശരീഅത്ത് നിയമങ്ങൾ എന്നാണ് ലോകത്തുള്ള കോടിക്കണക്കിന് മുസ്‌ലിംകൾ വിശ്വസിക്കുന്നത്.

ഇത് പറയുമ്പോൾ ചിലരെങ്കിലും വിചാരിക്കുന്നുണ്ടാകാം; ശരീഅത്ത് ദൈവികമാണെന്നെല്ലാം പറഞ്ഞ് എന്ത് അനീതിയും അതിന്റെ പേരിൽ ആകാം എന്നാണോ നിങ്ങൾ പറയുന്നത് എന്ന്. എന്നാൽ ഇവിടെ നമുക്ക് സൂചിപ്പിക്കാനുള്ളത് ഇസ്‌ലാമിക വ്യക്തിനിയമം അത് പാലിക്കുന്നവർക്കോ മറ്റു മതക്കാർക്കോ ഒരു ദോഷവും ഉണ്ടാക്കുന്നില്ല എന്നതാണ്. ഇതാണ് ഒന്നാമതായി നമ്മൾ തിരിച്ചറിയേണ്ടത്. മുസ്‌ലിം സമുദായത്തിലുള്ള ആർക്കെങ്കിലും അതിനോട് വിയോജിപ്പോ വെറുപ്പോ അത് പാലിച്ചു ജീവിക്കാൻ വൈമനസ്യമോ ഉണ്ടെങ്കിൽ അവർക്ക് അവരുടെ ഇഷ്ടം പോലെ പ്രവർത്തിക്കാം; ഞങ്ങൾ ഈ ചെയ്യുന്നതാണ് ഇസ്‌ലാം എന്ന് പറയുകയും വാദിക്കുകയും ചെയ്യരുത് എന്നേ പറയാനുള്ളൂ.

ഈ വിഷയത്തിൽ ഇടപെടുന്നവരോട് നമുക്ക് പറയാനുള്ളത് ഇതാണ്: ഇസ്‌ലാമിക ശരീഅത്ത് പലപ്പോഴും ഇവിടെ ചർച്ചക്ക് വിധേയമാകാറുണ്ട്, വിമർശിക്കപ്പെടാറുണ്ട്. അത്തരം ഘട്ടങ്ങളിൽ ശരീഅത്തിന്റെ എല്ലാ ഭാഗവും പഠിച്ച് ഇടപെടണം. ഒരു ചായക്കടയിൽ രണ്ടുപേർ തമ്മിൽ തർക്കം

നടക്കുന്നു.തൊട്ടടുത്ത വീട്ടിലെ ഹാജിയാർ നമസ്കരിക്കുന്നതിനെ കുറിച്ചാണ് തർക്കം. ഒരാൾ പറയുന്നു, ഹാജിയാർ നമസ്കരിക്കുന്നത് നിന്ന് കൈകെട്ടിക്കൊണ്ടാണ് എന്ന്. മറ്റെയാൾ പറയുന്നു, അങ്ങനെയല്ല; അയാൾ നിലത്ത് സാഷ്ടാംഗ പ്രണാമം (സുജൂദ്) ചെയ്തുകൊണ്ടാണ് നമസ്കരിക്കുന്നത്. ഇത് കണ്ടു നിൽക്കുന്ന മൂന്നാമതൊരു കക്ഷിയുണ്ട്. അയാൾ പറഞ്ഞു: ഒരു കാര്യം ചെയ്യാം. ഏതാനും സമയം കഴിഞ്ഞാൽ പള്ളിയിൽനിന്ന് ബാങ്ക് വിളിക്കും. അവിടെയൊന്ന് പോയി നോക്കാം, ഹാജിയാർ എന്താണ് ചെയ്യുന്നത് എന്ന്. അങ്ങനെ പള്ളിക്കു സമീപം ചെന്ന് ഹാജിയാരുടെ നമസ്കാരം മുഴുവനായും കണ്ടു. കൈ കെട്ടി നിൽക്കുന്ന രംഗം മാത്രമെ ആദ്യത്തെയാൾ കണ്ടിട്ടുണ്ടായിരുന്നുള്ളൂ. മറ്റെയാൾ, സുജൂദിൽ കിടക്കുന്ന രംഗം മാത്രമെ കണ്ടിരിന്നുള്ളൂ. എല്ലാം കണ്ടപ്പോൾ അവരുടെ തർക്കം തീർന്നു. ഇതുപോലെയാണ് ഇസ്‌ലാമിക ശരീഅത്തിനെ വിമർശിക്കുന്നവരുടെ അവസ്ഥ. ശരീഅത്ത് എന്ന് കേട്ടാൽ ഉടനെ നാലു കെട്ടലും കെട്ടിക്കലും മൊഴി ചൊല്ലലും മാത്രമാണ് പലരുടെയും മനസ്സിൽ ഓടിയെത്തുന്നത്. ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കാത്ത മിക്കയാളുകളുടെയും ധാരണ ഇതാണ്. അങ്ങനെയല്ല കാര്യം. ഇസ്‌ലാമിക നിയമങ്ങൾ മനുഷ്യ ജീവിതത്തിന്റെ സർവതല സ്പർശിയാണ്, സമഗ്രമാണ്. അതുകൊണ്ട് പഠിച്ച് ഇടപെടാൻ തയ്യാറാകേണ്ടതുണ്ട്.

ശരീഅത്ത് സ്ത്രീകൾക്ക് തുല്യത നൽകുന്നില്ല എന്ന വിമർശനം ഇവിടെ നിലനിൽക്കുന്നുണ്ട്. അനന്തരാവകാശത്തിലെ ഏറ്റക്കുറച്ചിലാണ് അതിന് തെളിവായി ചൂണ്ടിക്കാണിക്കാറുള്ളത്. വാസ്തവത്തിൽ സ്ത്രീകളോട് യാതൊരു അനീതിയും ഇസ്‌ലാം ചെയ്തിട്ടില്ല. സ്ത്രീകൾക്ക് സ്വത്തവകാശം നിഷേധിക്കപ്പെട്ട കാലത്ത് അത് ഉറപ്പുവരുത്തുകയാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. കുടുംബത്തിന്റെ സാമ്പത്തിക ബാധ്യതകളെല്ലാം പുരുഷന്റെ മേലാണ് ഇസ്‌ലാം ബാധ്യതയാക്കിയിട്ടുള്ളത്. ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങൾ കൃത്യമായി പഠിച്ചു മനസ്സിലാക്കിയവർക്ക് യാതൊരനീതിയും ചൂണ്ടിക്കാണിക്കാനാവില്ല.

ശരീഅത്ത് സ്ത്രീകൾക്ക് തുല്യത നൽകുന്നില്ല എന്ന വിമർശനം ഇവിടെ നിലനിൽക്കുന്നുണ്ട്. അനന്തരാവകാശത്തിലെ ഏറ്റക്കുറച്ചിലാണ് അതിന് തെളിവായി ചൂണ്ടിക്കാണിക്കാറുള്ളത്. വാസ്തവത്തിൽ സ്ത്രീകളോട് യാതൊരു അനീതിയും ഇസ്‌ലാം ചെയ്തിട്ടില്ല. സ്ത്രീകൾക്ക് സ്വത്തവകാശം നിഷേധിക്കപ്പെട്ട കാലത്ത് അത് ഉറപ്പുവരുത്തുകയാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. കുടുംബത്തിന്റെ സാമ്പത്തിക ബാധ്യതകളെല്ലാം പുരുഷന്റെ മേലാണ് ഇസ്‌ലാം ബാധ്യതയാക്കിയിട്ടുള്ളത്. ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങൾ കൃത്യമായി പഠിച്ചു മനസ്സിലാക്കിയവർക്ക് യാതൊരനീതിയും ചൂണ്ടിക്കാണിക്കാനാവില്ല.

ഒരു ഉദാഹരണം പറഞ്ഞ് അവസാനിപ്പിക്കാം: ഒരാൾക്ക് നാല് മക്കളുണ്ട്. മൂന്ന് ആൺമക്കളും ഒരു പെൺകുട്ടിയും. ഒരു വാഹനം കൊടുത്ത് നാലു പേരോടും ടൂർ പോകാൻ പറഞ്ഞു. മൂന്ന് ആൺമക്കൾക്കും 300 രൂപ വീതം കൊടുത്തു. പെൺകുട്ടിയ്ക്ക് 200 രൂപയും നൽകി. എന്നിട്ട് ആൺമ





**ബിജെപി വേട്ടക്കാരും മുസ്‌ലിംകൾ മാത്രം ഇരകളും എന്ന ധാരണ നമ്മൾ തിരുത്തണം. ഇവിടെ രണ്ട് കക്ഷികളേയുള്ളൂ. ഒന്ന് ഹിന്ദുരാഷ്ട്രവാദികളും മറ്റൊന്ന് മതനിരപേക്ഷ വാദികളും. ഹിന്ദുത്വവാദികൾ വേട്ടക്കാരാണങ്കിൽ എല്ലാമതക്കാരും ഉൾക്കൊള്ളുന്ന മതനിരപേക്ഷ വാദികളാണ് അതിന്റെ ഇരകൾ. നമുക്ക് ചേർന്ന് നിന്ന് മുന്നോട്ടുപോകാം. വിഭാഗീയതയുടെ വക്താക്കൾ അറിയുക; മാനവ സൗഹാർദത്തിന്റെയും ബഹുസ്വരതയുടെയും പുഷ്പങ്ങളെ നിങ്ങൾക്ക് ഒരുപക്ഷേ, തല്ലിക്കൊഴിക്കാൻ സാധിച്ചെന്ന് വന്നേക്കാം. എന്നാൽ, ഇന്ത്യയിലെ ബഹുസ്വരത പൂത്തുലഞ്ഞ പൂന്തോട്ടത്തിന്റെ വസന്തത്തെ നിങ്ങൾക്കൊരിക്കലും ഇല്ലാതാക്കാൻ കഴിയില്ല.**

ക്കളോട് പറഞ്ഞു: തിരിച്ചുവരുന്നതുവരെയുള്ള പെട്രോളും ഭക്ഷണവുമടക്കമുള്ള എല്ലാ ചെലവും എടുക്കേണ്ടത് നിങ്ങൾ മൂന്നുപേരാണ്. ഇവളുടെ കൈയിൽനിന്ന് ഒരു പൈസപോലും വാങ്ങരുത്.

തിരിച്ചുവന്നപ്പോൾ മൂന്നു പേരുടെ കാശും തീർന്നിട്ടുണ്ട്. പെൺകുട്ടിക്ക് നൽകിയ കാശ് ഭദ്രമായി അവളുടെ കൈയിൽ തന്നെയുണ്ട്. ആ പിതാവ് പെൺകുട്ടിയെ അവഗണിച്ചു എന്ന് ആർക്കാണ് പറയാനാവുക?

സ്ത്രീ എന്നും മറ്റുള്ളവരാൽ സംരക്ഷിക്കപ്പെടേണ്ട ദുർബലയാണോ, അവൾക്കും പുരുഷനെപ്പോലെ ബാധ്യതയേൽപിച്ചാൽ എന്താണ് കുഴപ്പം, അപ്പോഴല്ലേ തുല്യതയാകൂ എന്ന് ചിലർ ചോദിച്ചേക്കാം;

വാസ്തവത്തിൽ പുരുഷാധിപത്യത്തിന്റെ മറ്റൊരു മുഖമാണ് സ്ത്രീക്ക് കൂടുതൽ ബാധ്യതകൾ ഏൽപിച്ചു കൊടുക്കുക എന്നത്. സ്ത്രീക്ക് ചില പരിമിതികളുണ്ട്. അത് തിരിച്ചറിയാത്ത ബാധ്യതകൾ അവളുടെ ചുമലിൽ ചാർത്തുന്നത് അവളെ പ്രയാസപ്പെടുത്തലാണ്. പുരുഷൻ അവന്റെ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടാൻ ഉപയോഗിക്കുന്ന കെണിയിൽ സ്ത്രീകൾ പെട്ടുപോവുകയാണ് ചെയ്യുന്നത്. ഇനി സ്ത്രീകൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നത് അവരെ തരംതാഴ്ത്തലാണന്നാണ് വാദമെങ്കിൽ നമ്മുടെ നാട്ടിലുള്ള സ്ത്രീസുരക്ഷാ നിയമങ്ങളും സംവരണവും അനീതിയാണെന്ന് പറയേണ്ടിവരും.

നമ്മൾ അറിയുക; പ്രധാനമന്ത്രിക്ക് ഏകസിവിൽകോഡ് നടപ്പായിക്കൊള്ളണമെന്നില്ല; 2024ലെ ഇലക്ഷനിൽ ഭരണം നിലനിർത്തിയാൽ മതി. ഏകസിവിൽകോഡ് നടപ്പാക്കാനല്ല കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്; ഭരണപരാജയം മറച്ചുപിടിക്കാൻ മാത്രമാണ്. ബിജെപിക്ക് ഏക സിവിൽ കോഡ് നടപ്പായി കൊള്ളണമെന്നില്ല; ഇതിലൂടെ പ്രതിപക്ഷത്തിന്റെ വിശാല ഐക്യത്തിൽ ഭിന്നത ഉണ്ടായാൽ മാത്രം മതി.

വർഗീയവാദികൾ ഉദ്ദേശിക്കുന്നത് വെറുപ്പും വിഭാഗീയതയും വിതക്കലാണ്. കേരളത്തിലേക്ക് വരുമ്പോൾ യു.ഡി.എഫിലും എൽ.ഡി.എഫിലും ക്രിസ്ത്യൻ-മുസ്‌ലിം മതവിഭാഗങ്ങൾക്കിടയിലും മതസംഘടനകളിലും ഭിന്നിപ്പിന്റെ വിത്ത് പാകലാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഈ ഭിന്നതക്ക് വളം വെക്കുന്ന യാതൊരു നിലപാടും നമ്മിൽനിന്ന് ഉണ്ടായിക്കൂടാ.

അവസാനമായി ഒരു വാക്ക് കൂടി; ബിജെപി വേട്ടക്കാരും മുസ്‌ലിംകൾ മാത്രം ഇരകളും എന്ന ധാരണ നമ്മൾ തിരുത്തണം. ഇവിടെ രണ്ട് കക്ഷികളേയുള്ളൂ. ഒന്ന് ഹിന്ദുത്വരാഷ്ട്രവാദികളും മറ്റൊന്ന് മതനിരപേക്ഷ വാദികളും. ഹിന്ദുത്വവാദികൾ വേട്ടക്കാരാണങ്കിൽ എല്ലാമതക്കാരും ഉൾക്കൊള്ളുന്ന മതനിരപേക്ഷ വാദികളാണ് അതിന്റെ ഇരകൾ. നമുക്ക് ചേർന്ന് നിന്ന് മുന്നോട്ടുപോകാം.

വിഭാഗീയതയുടെ വക്താക്കൾ അറിയുക; മാനവ സൗഹാർദത്തിന്റെയും ബഹുസ്വരതയുടെയും പുഷ്പങ്ങളെ നിങ്ങൾക്ക് ഒരുപക്ഷേ, തല്ലിക്കൊഴിക്കാൻ സാധിച്ചെന്ന് വന്നേക്കാം. എന്നാൽ, ഇന്ത്യയിലെ ബഹുസ്വരത പൂത്തുലഞ്ഞ പൂന്തോട്ടത്തിന്റെ വസന്തത്തെ നിങ്ങൾക്കൊരിക്കലും ഇല്ലാതാക്കാൻ കഴിയില്ല. ഇത്രമാത്രം സൂചിപ്പിച്ച്, എല്ലാവിധ ആശംസകളും അർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
40

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

وَقَالَ فِرْعَوْنُ ذَرُونِيٓ أَقْتُلْ مُوسَىٰ وَلْيَدْعُ
رَبَّهُۥٓ ۖ إِنِّيٓ أَخَافُ أَن يُبَدِّلَ دِينَكُمْ أَوْ أَن
يُظْهِرَ فِي ٱلْأَرْضِ ٱلْفَسَادَ ٢٦

وَقَالَ مُوسَىٰٓ إِنِّي عُذْتُ بِرَبِّي وَرَبِّكُم
مِّن كُلِّ مُتَكَبِّرٍ لَّا يُؤْمِنُ بِيَوْمِ ٱلْحِسَابِ ٢٧

وَقَالَ رَجُلٌ مُّؤْمِنٌ مِّنْ ءَالِ فِرْعَوْنَ يَكْتُمُ
إِيمَٰنَهُۥٓ أَتَقْتُلُونَ رَجُلًا أَن يَقُولَ رَبِّيَ ٱللَّهُ
وَقَدْ جَآءَكُم بِٱلْبَيِّنَٰتِ مِن رَّبِّكُمْ ۖ وَإِن يَكُ
كَٰذِبًا فَعَلَيْهِ كَذِبُهُۥ ۖ وَإِن يَكُ صَادِقًا
يُصِبْكُم بَعْضُ ٱلَّذِي يَعِدُكُمْ ۖ إِنَّ ٱللَّهَ لَا
يَهْدِي مَنْ هُوَ مُسْرِفٌ كَذَّابٌ ٢٨

يَٰقَوْمِ لَكُمُ ٱلْمُلْكُ ٱلْيَوْمَ ظَٰهِرِينَ فِي
ٱلْأَرْضِ فَمَن يَنصُرُنَا مِنۢ بَأْسِ ٱللَّهِ إِن جَآءَنَا ۚ
قَالَ فِرْعَوْنُ مَآ أُرِيكُمْ إِلَّا مَآ أَرَىٰ وَمَآ
أَهْدِيكُمْ إِلَّا سَبِيلَ ٱلرَّشَادِ ٢٩

26. ഫിർഔൻ പറഞ്ഞു: നിങ്ങൾ എന്നെ വിടു; മൂസായെ ഞാൻ കൊല്ലും. അവൻ അവന്റെ രക്ഷിതാവിനെ വിളിച്ചു പ്രാർഥിച്ചുകൊള്ളട്ടെ. അവൻ നിങ്ങളുടെ മതം മാറ്റിമറിക്കുകയോ ഭൂമിയിൽ കുഴപ്പം കുത്തിപ്പൊക്കുകയോ ചെയ്യുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു.

27. മൂസാ പറഞ്ഞു: എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമായിട്ടുള്ളവനോട്, വിചാരണയുടെ ദിവസത്തിൽ വിശ്വസിക്കാത്ത എല്ലാ അഹങ്കാരികളിൽനിന്നും ഞാൻ ശരണം തേടുന്നു.

28. ഫിർഔന്റെ ആൾക്കാരിൽപ്പെട്ട-തന്റെ വിശ്വാസം മറച്ചുവച്ചുകൊണ്ടിരുന്ന-ഒരു വിശ്വാസിയായ മനുഷ്യൻ പറഞ്ഞു: എന്റെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിനാൽ നിങ്ങൾ ഒരു മനുഷ്യനെ കൊല്ലുകയോ? അദ്ദേഹം നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള വ്യക്തമായ തെളിവുകൾ കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹം കള്ളം പറയുന്നവനാണെങ്കിൽ കള്ളം പറയുന്നതിന്റെ ദോഷം അദ്ദേഹത്തിനു തന്നെയാണ്. അദ്ദേഹം സത്യം പറയുന്നവനാണെങ്കിലോ അദ്ദേഹം നിങ്ങൾക്ക് താക്കീത് നൽകുന്ന ചില കാര്യങ്ങൾ (ശിക്ഷകൾ) നിങ്ങളെ ബാധിക്കുകയും ചെയ്യും. അതിക്രമകാരിയും വ്യാജവാദിയുമായിട്ടുള്ള ഒരാളെയും അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.

29. എന്റെ ജനങ്ങളേ, ഭൂമിയിൽ മികച്ചുനിൽക്കുന്നവർ എന്ന നിലയിൽ ഇന്ന് ആധിപത്യം നിങ്ങൾക്ക് തന്നെ. എന്നാൽ അല്ലാഹുവിന്റെ ശിക്ഷ നമുക്ക് വന്നാൽ അതിൽനിന്ന് നമ്മെ രക്ഷിച്ചു സഹായിക്കാൻ ആരുണ്ട്? ഫിർഔൻ പറഞ്ഞു: ഞാൻ (ശരിയായി) കാണുന്ന മാർഗം മാത്രമാണ് ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നത്. ശരിയായ മാർഗത്തിലേക്കല്ലാതെ ഞാൻ നിങ്ങളെ നയിക്കുകയില്ല.

وَقَالَ ٱلَّذِىٓ ءَامَنَ يَٰقَوْمِ إِنِّىٓ أَخَافُ عَلَيْكُم مِّثْلَ يَوْمِ ٱلْأَحْزَابِ ﴿٣٠﴾

30\. ആ വിശ്വസിച്ച ആൾ പറഞ്ഞു: എന്റെ ജനങ്ങളേ, ആ കക്ഷികളുടെ ദിവസം പോലെയുള്ള ഒന്ന് തീർച്ചയായും നിങ്ങളുടെ കാര്യത്തിലും ഞാൻ ഭയപ്പെടുന്നു.

26) (ഫിർഔൻ പറഞ്ഞു:) അഹങ്കാരത്തോടെയും ദുരഭിമാനത്തോടെയും, വിഡ്ഢികളായ തന്റെ ജനതയെ വഞ്ചിച്ചുകൊണ്ട്. (നിങ്ങൾ എന്നെ വിടൂ. മൂസായെ ഞാൻ കൊല്ലും. അവൻ അവന്റെ രക്ഷിതാവിനോട് വിളിച്ച് പ്രാർഥിച്ചുകൊള്ളട്ടെ) തന്റെ ജനത എന്ത് ചിന്തിക്കുമെന്ന് പരിഗണിച്ചിട്ടില്ലെങ്കിൽ അവൻ മൂസാ(അ)യെ കൊല്ലുമെന്നും മൂസാ(അ) തന്റെ രക്ഷിതാവിനോട് പ്രാർഥിക്കുന്നുവെന്നത് അവന് തടസ്സമല്ലെന്നുമാണ് അവൻ വാദിക്കുന്നത്.

തുടർന്ന് കൊല്ലാനുള്ള കാരണവും അവൻ പറയുന്നു. തന്റെ ജനതയോടുള്ള ഗുണകാംക്ഷയും ഭൂമിയിൽനിന്നും ഒരു തിന്മയെ ഉന്മൂലനം ചെയ്യാനുമാണെന്നാണ്. (അവൻ നിങ്ങളുടെ മതം മാറ്റിമറിക്കുകയോ) അതായത് നിങ്ങൾ ഇപ്പോൾ നിലകൊള്ളുന്ന. (ഭൂമിയിൽ കുഴപ്പം കുത്തിപ്പൊക്കുകയോ ചെയ്യുമെന്ന്) ഇത് അത്ഭുതംതന്നെ. പടപ്പുകളിൽ ഏറ്റവും നികൃഷ്ടൻ ഏറ്റവും ഉത്തമനെ പിൻപറ്ററുതെന്ന് ഉപദേശിക്കുക. ഇത് സത്യത്തെ മറച്ചുവെക്കാനാണ്. ബുദ്ധിയില്ലാത്തവരേ ഇത് അംഗീകരിക്കൂ

فَٱسْتَخَفَّ قَوْمَهُۥ فَأَطَاعُوهُ ۚ إِنَّهُمْ كَانُوا۟ قَوْمًا فَٰسِقِينَ ﴿٥٤﴾

"അങ്ങനെ ഫിർഔൻ തന്റെ ജനങ്ങളെ വിഡ്ഢികളാക്കി. അവർ അവനെ അനുസരിച്ചു. തീർച്ചയായും അവർ അധർമകാരികളായ ഒരു ജനതയായിരുന്നു" (43:54).

27). (മൂസാ പറഞ്ഞു) നേരത്തെ വളരെ മോശമായതും അതിക്രമം കാണിക്കുമെന്ന് ഉറച്ചതുമായ വാക്ക് പറഞ്ഞപ്പോൾ അല്ലാഹുവോട് സഹായം തേടിക്കൊണ്ട് മൂസാനബി(അ) പറഞ്ഞു: (എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു) എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കാൻ കഴിയുന്ന അവന്റെ രക്ഷാകർതൃത്വത്തെ പ്രതിരോധമാക്കി. (വിചാരണയുടെ ദിവസത്തിൽ വിശ്വസിക്കാത്ത എല്ലാ അഹങ്കാരിയിൽനിന്നും) അഹങ്കാരവും വിചാരണ ദിവസത്തിൽ വിശ്വസിക്കാതിരിക്കുന്നതും അക്രമത്തിനും തിന്മക്കും പ്രേരണയാകുന്നു. കുറച്ചു മുമ്പ് പറഞ്ഞ തത്ത്വപ്രകാരം ഇത് ഒരു പൊതുവായ പ്രയോഗമാണ്. ഇതിൽ ഫിർഔനും അല്ലാത്തവരും ഉൾപ്പെടും. അങ്ങനെ വിചാരണ ദിവസത്തിൽ വിശ്വസിക്കാത്ത എല്ലാ അഹങ്കാരികളിൽനിന്നും കാരുണ്യംകൊണ്ട് അല്ലാഹു അദ്ദേഹത്തെ പ്രതിരോധിച്ചു. ഫിർഔനിന്റെയും സംഘത്തിന്റെയും ഉപദ്രവങ്ങളിൽനിന്ന് തടയാനാവശ്യമായ കാരണങ്ങൾ നിശ്ചയിച്ചുകൊടുക്കുകയും ചെയ്തു.

28). അതിൽപെട്ട ഒരു കാരണമാണ് ഫിർഔനിന്റെ രാജകുടുംബത്തിൽപെട്ട ഈ മനുഷ്യൻ; അദ്ദേഹത്തിന്റെ വാക്കുകൾക്ക് സ്വീകാര്യതയുണ്ടാകുമെന്നുറപ്പാണല്ലോ. പ്രത്യേകിച്ചും അയാൾ പരസ്യമായി അവരോട് യോജിക്കുകയും വിശ്വാസം രഹസ്യമാക്കി വെക്കുകയും ചെയ്യുകകൂടി ചെയ്യുമ്പോൾ. പ്രത്യക്ഷത്തിൽ അയാൾ അവരോട് വിയോജിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ പലപ്പോഴും അവർ ശ്രദ്ധിച്ചു. ഇതുപോലെ തന്നെയാണ് ക്വുറൈശികളിൽപെട്ട പിതൃവ്യനായ അബൂത്വാലിബിനെക്കൊണ്ട് നബിയെ പ്രതിരോധിച്ചതും. അദ്ദേഹം അവരിൽ കാരണവരും അവരുടെ മതത്തിൽ യോജിക്കുന്നവനുമായിരുന്നു. അദ്ദേഹം മുസ്‌ലിമായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സംരക്ഷണം ഉപകരിക്കുമായിരുന്നില്ല. മൂസാ നബി (അ)യോട് ആശയപരമായി യോജിപ്പുള്ളവനും വിശ്വാസിയും ബുദ്ധിമാനും ശക്തനുമായ അദ്ദേഹം തന്റെ ജനത അദ്ദേഹത്തോട് ചെയ്യാൻ തീരുമാനിച്ച കാര്യത്തിലും അവരുടെ പ്രവർത്തനത്തിലും അവരെ ശാസിച്ചു. (എന്റെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിനാൽ ഒരു മനുഷ്യനെ നിങ്ങൾ കൊല്ലുകയോ?) നിങ്ങളെങ്ങനെ അദ്ദേഹത്തെ വധിക്കും? എന്റെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറഞ്ഞതാണ് അദ്ദേഹത്തിന്റെ തെറ്റ്. അതിനുള്ള തെളിവുകൾ അദ്ദേഹം പറയാതിരുന്നിട്ടുമില്ല. (അദ്ദേഹം നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള വ്യക്തമായ തെളിവുകൾ കൊണ്ടുവന്നിട്ടുമുണ്ട്). അദ്ദേഹം കൊണ്ടുവന്ന തെളിവുകൾ അവരിലെ ചെറിയവർക്കും വലിയവർക്കും നന്നായറിയുന്നതുമാണ്. ഇക്കാരണത്താൽ അദ്ദേഹം കൊ ല്ലപ്പെട്ടുകൂടാ. ഇതിനു മുമ്പ് നിങ്ങൾ അദ്ദേഹം കൊണ്ടുവന്ന സത്യത്തെ പരാജയപ്പെടുത്തേണ്ടിയിരുന്നു. അതിനെ ഖണ്ഡിക്കാവുന്ന തെളിവുകൾകൊണ്ട് അതിനെ നേരിടണമായിരുന്നു. തെളിവുകൊണ്ട് അദ്ദേഹത്തിനെതിരെ വിജയിച്ചാൽ പിന്നീട് അദ്ദേഹത്തെ വധിക്കണോ വേണ്ടയോ എന്ന് നിങ്ങൾക്ക് നോക്കാം. എന്നാൽ അദ്ദേഹത്തിന്റെ തെളിവുകളും പ്രമാണങ്ങളും വിജയിച്ചു നിൽക്കുന്നു. അതിനാൽ അദ്ദേഹത്തെ വധിക്കാൻ നിങ്ങൾക്ക് ന്യായമില്ല.

ഏതവസ്ഥയിലും ബുദ്ധിയുള്ളവർക്ക് ബോധ്യപ്പെടുന്ന ഒരു വാക്കാണ് തുടർന്ന് അദ്ദേഹം അവരോട് പറഞ്ഞത്: (അദ്ദേഹം കള്ളം പറയുന്നവനാണെങ്കിൽ കള്ളം പറയുന്നതിന്റെ ദോഷം അദ്ദേഹത്തിനു തന്നെയാണ്. അദ്ദേഹം സത്യം പറയുന്നവനാണെങ്കിലോ അദ്ദേഹം നിങ്ങൾക്ക് താക്കീത് നൽകുന്ന ചില കാര്യങ്ങൾ നിങ്ങളെ ബാധിക്കുകയും ചെയ്യും). രണ്ടിലൊരു കാര്യത്തിലാണ് മൂസാ(അ)യുള്ളത്. ഒന്നുകിൽ അദ്ദേഹം പറയുന്ന കാര്യത്തിൽ സത്യവാൻ അല്ലെങ്കിൽ കളവ് പറയുന്നവൻ. ഇനി കളവ് പറയുന്നവനാണെങ്കിൽ അദ്ദേഹത്തിന്റെ കളവിന്റെ ദോഷം അദ്ദേഹത്തിൽ മാത്രം പരിമിതമാണ്. നിങ്ങൾക്ക് അതിൽ യാതൊരു പ്രശ്നവുമില്ല; നിങ്ങൾ അദ്ദേഹത്തെ സത്യപ്പെടുത്തുകയോ സ്വീകരിക്കുകയോ ചെയ്യാതിരിക്കുന്നതിൽ. ഇനി സത്യം പറയുന്നവനാണെങ്കിലോ, അദ്ദേഹം വ്യക്തമായ തെളിവ് കൊണ്ടുവരികയും നിങ്ങളെ അറിയിക്കുകയും ചെയ്തിട്ടും നിങ്ങൾ സ്വീകരിച്ചില്ലെങ്കിൽ അല്ലാഹു ഇഹലോകത്തും പരലോകത്തും നിങ്ങളെ ശിക്ഷിക്കും.

നിങ്ങൾക്ക് താക്കീത് നൽകപ്പെട്ടത് നിങ്ങളെ ബാധിക്കുകതന്നെ ചെയ്യും എന്ന് പറഞ്ഞത് ഇഹലോകത്തെ ശിക്ഷയാണ്. മൂസാ നബി(അ)യെ പ്രതിരോധിക്കാൻ അദ്ദേഹത്തിന്റെ സ്നേഹവും സൽബുദ്ധിയുമാണിത്. അവർക്ക് യാതൊരു ആശയക്കുഴപ്പവും ഉണ്ടാക്കാത്ത മറുപടിയാണിത്. ഈ രണ്ടിലൊരവസ്ഥയിലായിരിക്കും എപ്പോഴും. കാര്യം അങ്ങനെയാകുമ്പോൾ അദ്ദേഹത്തെ വധിക്കണമെന്ന് പറയുന്നത് അജ്ഞതയും അവിവേകവുമാണ്.

തുടർന്ന് അദ്ദേഹം-അദ്ദേഹത്തിന് അല്ലാഹു പൊറുത്തുകൊടുക്കുകയും അനുഗ്രഹം നൽകുകയും ചെയ്യട്ടെ-വിവരിക്കുന്നത് മൂസാ നബി(അ) എങ്ങനെ സത്യത്തോട് അടുത്തുനിൽക്കുന്നു എന്നതാണ്. ഇതിനെക്കാൾ പ്രസക്തമായ കാര്യമാണത്. (അതിക്രമകാരി ആയിട്ടുള്ള ഒരാളെ അല്ലാഹു നേർവഴിയിലാക്കുകയില്ല) അസത്യം സ്വീകരിച്ചും സത്യം നിരാകരിച്ചും പരിധിവിട്ടവനെ. (വ്യാജവാദിയെയും) അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിൽ. ഇത് ചെയ്യുന്നവരെ അല്ലാഹു സത്യത്തിന്റെ വഴിയിലേക്കോ അതിലേക്കെത്തിച്ചേരാവുന്ന കാര്യങ്ങളിലേക്കോ എത്തിക്കില്ല. ശരിയായ മാർഗത്തിൽ അവനെത്തിച്ചേരാനും സാധ്യമല്ല. മൂസാ(അ) ക്ഷണിക്കുന്ന സത്യവും ദൈവിക ദൃഷ്ടാന്തങ്ങളുടെയും ബുദ്ധിപരമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ മൂസാ ക്ഷണിക്കുന്ന കാര്യങ്ങളും നിങ്ങൾ കണ്ടുവല്ലോ. ഇത്തരം ഒരു സന്മാർഗത്തിൽ പരിധിവിട്ടവനോ വ്യാജനോ എത്തിച്ചേരുക എന്നതുണ്ടാവില്ല. ഈ സംസാരങ്ങൾ അദ്ദേഹത്തിന്റേത് തന്നെ. രക്ഷിതാവിനെക്കുറിച്ച് നന്നായി അറിയാമെന്നതിനും ബുദ്ധിമാനാണെന്നതിനും തെളിവുകൂടിയാണിത്.

29). ബാഹ്യമായ അധികാരങ്ങളിൽ വഞ്ചിതരാകാതിരിക്കാനും പരലോകശിക്ഷയെ ഭയപ്പെടാനും തുടർന്നദ്ദേഹം തന്റെ ജനതയെ ഉപദേശിക്കുകയും താക്കീത് ചെയ്യുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: (എന്റെ ജനങ്ങളേ, ഇന്ന് അധികാരം നിങ്ങൾക്കുതന്നെ) അതായത് ഇഹലോകത്ത്. (ഭൂമിയിൽ മികച്ചുനിൽക്കുന്നവരെന്ന നിലയിൽ) നിങ്ങളുടെ പ്രജകളാൽ നിങ്ങൾ വിചാരിക്കുന്നതുപോലെ ഭരണം നടപ്പിലാക്കാൻ നിങ്ങൾക്ക് കഴിയുന്നു. നിങ്ങൾ ഉദ്ദേശിച്ചത് -മൂസായെ കൊല്ലൽ-നടക്കില്ല. ഇനി നടന്നുവെന്ന് സങ്കൽപിച്ചാൽ തന്നെ (എന്നാൽ അവന്റെ ശിക്ഷ നമുക്ക് വന്നാൽ അതിൽനിന്ന് നമ്മെ സഹായിക്കാൻ ആരുണ്ട്) അതായത് അവന്റെ ശിക്ഷയിൽ നിന്ന്. (നമുക്ക് വന്നാൽ) ഇത് അദ്ദേഹത്തിന്റെ പ്രബോധനത്തിന്റെ ഏറ്റവും നല്ലൊരു ശൈലിയാണ്. അദ്ദേഹത്തെയും അവരെയും ഒരുമിച്ചു ചേർത്താണ് അദ്ദേഹം പറഞ്ഞത്. (നമ്മെ സഹായിക്കാൻ ആരുണ്ട്). 'നമുക്ക് വന്നാൽ' എന്ന പ്രയോഗത്തിൽ അവർക്കദ്ദേഹം മനസ്സിലാക്കിക്കൊടുക്കുന്നത് തന്റെ കാര്യത്തിലുള്ളതുപോലെയുള്ള ഗുണകാംക്ഷ അവരോടുമുണ്ടെന്നും തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് അവർക്കുവേണ്ടിയും ഇഷ്ടപ്പെടുമെന്നാണ്. (ഫിർഔൻ പറഞ്ഞു) അതിനെ എതിർത്തുകൊണ്ടും മൂസായെ പിൻപറ്റുന്നതിൽനിന്നും തന്റെ ജനതയെ തടഞ്ഞുകൊണ്ടും. (ഞാൻ ശരിയായിക്കാണുന്ന മാർഗം മാത്രമാണ് ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നത്. ശരിയായ മാർഗത്തിലേക്കല്ലാതെ ഞാൻ നിങ്ങളെ നയിക്കുകയുമില്ല). എന്നാൽ ശരിയായി അയാൾ കണ്ടതെന്താണ്? അയാൾ കണ്ടത് തന്റെ ജനതയെ വിഡ്ഢികളാക്കാനും അങ്ങനെ തന്റെ നേതൃത്വം നിലനിർത്താൻ അവരെ തന്റെ കൂടെ നിർത്താനുമാണ്. അയാൾ സത്യത്തിലാണെന്ന് അയാൾ കണ്ടില്ല. മറിച്ച് സത്യം മൂസയോടൊപ്പമാണെന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ടുതന്നെ അദ്ദേത്തെഅയാൾ നിഷേധിച്ചു. (ശരിയായ മാർഗത്തിലേക്കല്ലാതെ ഞാൻ നിങ്ങളെ നയിക്കുകയില്ല) ഇത് സത്യത്തെ അട്ടിമറിക്കലാണ്. അവരോട് അയാളെ പിൻപറ്റാൻ അയാൾ കൽപിക്കുന്നത് അയാൾ നിഷേധത്തിലും വഴികേടിലും ആണെങ്കിൽ അത് അപകടം കുറഞ്ഞതാണ്. എന്നാൽ അയാൾ അയാളെ പൻപറ്റാൻ കൽപിക്കുകയും അത് സത്യത്തിലാണെന്ന് വാദിക്കുകയും ചെയ്യുമ്പോൾ വഴികേടിനെ പിൻതുടരലാണ് ഇവിടെ സത്യത്തെ പിൻതുടരൽ.

30) (ആ വിശ്വസിച്ച ആൾ പറഞ്ഞു) സാധാരണ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരെപ്പോലെത്തന്നെ അവർ സന്മാർഗം സ്വീകരിക്കാത്തതിൽ നിരാശനാകാതെ തന്റെ ജനതയിൽ അദ്ദേഹം പ്രബോധനം തുടർന്നു. പ്രബോധകർ തങ്ങളുടെ ശ്രമം തുടർന്നുകൊണ്ടേയിരിക്കും. ഒരു തടസ്സവും അവർ പരിഗണിക്കുകയില്ല. അദ്ദേഹം അവരോട് പറഞ്ഞു: (എന്റെ ജനങ്ങളേ, ആ കക്ഷികളുടെ ദിവസം പോലെയുള്ള ഒന്ന് തീർച്ചയായും നിങ്ങളുടെ കാര്യത്തിലും ഞാൻ ഭയപ്പെടുന്നു) അതായത് പ്രവാചകന്മാർക്കെതിരെ സംഘടിക്കുകയും കക്ഷികളായി തിരിയുകയും ചെയ്ത പൂർവ സമുദായങ്ങൾക്ക്.



# ഒറ്റമരം

**അൻവർ സാദത്ത് കാപ്പ്**
: 9995 807 571

സ്നേഹത്തിന്റെയും
സന്തോഷത്തിന്റെയും
മാനുഷിക മൂല്യങ്ങൾ
നിറഞ്ഞു നിൽക്കുന്ന
പച്ചമരമാണ് മനുഷ്യനെങ്കിൽ,
അത്തരം കൊടുംവനത്തിലെ
ഒറ്റ മരമാണ് 'ലഹരിയാൻ'
അഥവാ ലഹരിക്കടിമപ്പെട്ടയാൾ!
ചെറു കാറ്റുപോലും
തലോടാൻ മടിക്കുന്ന മരം!
കിളികളൊരിക്കലും
കൂടു കൂട്ടാത്ത മരം!
എന്തിന് ചിരിക്കുന്നു
എന്നറിയാത്ത ചിരികളിൽ
ഉറ്റവരുടെ ജീവിതം
കരഞ്ഞുതീരുന്നു!
സ്വപ്നങ്ങളുടെ
ആകാശത്തേക്ക്
ഉയരേണ്ട ജീവിതവും
സന്തോഷം നിലനിൽക്കേണ്ട
വീടുമിന്ന് ദുഃഖത്തിന്റെ
പേമാരിയിൽ
വേറിട്ടുനിൽക്കുന്നു!
ലഹരിവള്ളിയുടെ
പിടിയിലമർന്നു
ജീവിതത്തിന്റെ
എല്ലാ പച്ചപ്പും കൗതുകവും
നശിപ്പിച്ചു കളയുന്നു
സിര തുളച്ചൊഴുകുന്ന
പ്രാകൃത രാസക്കൂട്ട്!
നിലാവ് സ്വർണച്ചീളുകൾ
വിരിച്ച രാത്രിയിൽ
മിന്നാമിന്നിക്കൂട്ടങ്ങൾ പോലും
അടുത്ത് വരാൻ മടിക്കുന്ന
ആ ഒറ്റ മരം
ഏത് ചെറുകാറ്റിലും മഴയിലും
നിലം പതിച്ചേക്കാം!

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില:**
**₹500+₹500=₹1000**
**ഇപ്പോൾ:**
**₹750**


WISDOM BOOKS

**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
22 JULY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

To the right goal...
Through the right path...

27th

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

2023 SEPTEMBER

8 9 10

@ KOZHIKODE

WISDOM students | www.profcon.in | wisdomstudents